Registered No. M-4485.

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിൻെറ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 സപ്തെമ്പർ 17-ാംനു, വെള്ളിയാഴ്ച [ലക്കം 3

## നാം യുദ്ധത്തിന്നു് കോപ്പിട്ടുകഴിഞ്ഞു



സേർ റിച്ചാഡ് പിയേർസി

ഇരുപതു മാസം മുമ്പു യുദ്ധം ഇന്ത്യയിൽ തുടങ്ങീട്ടില്ല. എന്നെ അന്നു ഇങ്ങോട്ടയച്ചതു തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രത്തിൽ ഐക്യകക്ഷി സൈന്യങ്ങളെ സഹായിക്കാനായിരുന്നു. പക്ഷേ ഞങ്ങൾ അന്നു വളരെ വൈകിയാണു് പരിശ്രമം തുടങ്ങിയതെന്നുമാത്രമല്ല, ശത്രുപക്ഷ സൈന്യങ്ങൾ ഞങ്ങളെക്കാൾ എത്രയോ ശക്തിയോടുകൂടിയതുമായിരുന്നു. കഴിഞ്ഞ മാർച്ചു് മാസത്തിൽകൂടി ബർമ്മയിൽനിന്നു ഇന്ത്യയെ ഭയപ്പെടുത്തിയിരുന്ന ജാപ്പാൻകാരെ എതിർക്കുവാനായി ഇന്ത്യയിൽ വളരെ തുച്ഛമായ ഒരു ആർ. എ. എഫ്. വിമാനസൈന്യം മാത്രമെ ഉണ്ടായിരുന്നുള്ളു. അവിടുന്നിങ്ങോട്ടു, ഈ അല്പകാലത്തിന്നുള്ളിൽ നാം ഇന്ത്യയിൽ ഒന്നാന്തരം ഒരു വിമാനസൈന്യം ഉണ്ടാക്കി. പലേ സ്ഥലങ്ങളിലും വിമാനസങ്കേതങ്ങൾ സ്ഥാപിച്ചു. വൈമാനികന്മാർക്കു പരിശീലനത്തിന്നുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കി; റിപ്പേറിന്നും മററു പ്രവൃത്തികൾക്കും ഉള്ള സ്ഥാപനങ്ങളും നിർമ്മിച്ചു. വിമാനമാർഗ്ഗങ്ങൾ ഇന്ത്യയിൽ നാനാദിക്കുകളിലും ഉണ്ടാക്കി, വിമാനങ്ങളുടെ ഗതാഗതങ്ങൾക്കുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തി. ഇന്നെത്തെ സ്ഥിതി പറയുകയാണെങ്കിൽ നാം ശത്രുവിൻെറ വരവിനെ തടുക്കാൻ നില്ക്കുകയല്ല, അങ്ങോട്ടു ശത്രുവിനെ ആക്രമിക്കാനുള്ള ആരംഭമാണു്. ഇതു തീർച്ചയായും അഭിമാനകരമായ ഒരു സ്ഥിതിയാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. "ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മി," എന്നുള്ള തത്വം നാം വേണ്ടപോലെ മനസ്സിലാക്കി നമ്മുടെ പരിശ്രമങ്ങൾ ആരംഭിക്കണം.

—ഇന്ത്യയുടെ വിമാനസേനാനായകൻ സേർ റിച്ചാഡ് പിയേർസി, സെപ്തെമ്പർ 15-ാം തിയ്യതി ചെയ്ത ഒരു പ്രസംഗത്തിൽനിന്നു്

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| നാം യുദ്ധത്തിന്ന കോപ്പിട്ടു കഴിഞ്ഞു | 1 | ഇററലിക്കാരോട്ട് | 6 |
| എന്തൊരു സന്തോഷമാണ്! | 2 | ഇംഗ്ലണ്ട് | 7, 8, 10 |
| സംക്ഷിപ്ത വാർത്താ വിവരണം | 3,4 | ഇററലിയുടെ അധഃപതനം | 9 |
| ഇററലിയുടെ കീഴടങ്ങൽ | 5 | | |


# എന്തൊരു സന്തോഷമാണ്!

താഴെ കാണിച്ച കത്തു മദിരാശിക്കാർക്ക പട്ടാളാഭ്യാസം ലഭിക്കുന്ന ഒരു സ്ഥലത്തുനിന്ന് മദിരാശി ജോയിൻറ് വാർ ചാരിററി കമിററിയുടെ സിക്രട്ടറിക്ക് കിട്ടിയതാണ്.

"മൂന്ന വലിയ പെട്ടികൾ നിറച്ച പുസ്തകങ്ങൾ കിട്ടിയതു വളരെ സന്തോഷമായി. ഇവയെല്ലാം മദിരാശിക്കാരായ പട്ടാളക്കാരുടെ ഉപയോഗത്തിന്നുള്ളതാണ്. അവയെ കിട്ടിയപ്പോൾ പട്ടാളക്കാർക്കുണ്ടായ സന്തോഷം പറവാൻ പ്രയാസം.

ഈ സ്ഥലത്തുള്ള സൈന്യ ഉദ്യോഗസ്ഥന്മാർ നിങ്ങളുടെ സ്ഥാപനം നിരന്തരമായിചെയ്യുന്ന ഉപകാരങ്ങൾക്ക് ഹൃദയപൂർവ്വം നന്ദിപറയുന്നു. അഭ്യാസം ഇല്ലാത്ത സമയങ്ങളിൽ പട്ടാളക്കാരെ ആഹ്ലാദിപ്പിക്കുവാനായി ഞങ്ങൾ വളരെ ശ്രമിക്കുന്നുണ്ട്. ഞങ്ങളുടെ പരിശ്രമം സഫലമാകുന്നുണ്ടെന്നാണ് വിശ്വാസം.

ഇവിടെ അനവധി മദിരാശിക്കാരുണ്ട് അവർ ആർട്ടിലറി പരിശീലനം (പീരങ്കിപ്പട) വേണ്ടപോലെ ചെയ്യുന്നതുമുണ്ട്.

# റഷ്യക്ക് സഹായം—മദിരാശിയിൽനിന്ന് സംഭാവന

മി. ചർച്ചിലിൻെറ പത്നി ലണ്ടനിലുള്ള റഷ്യൻ സഹായ ഫണ്ടിൻെറ ചെയർമാൻെറ നിലക്ക് മദിരാശി ജോയിൻറ് വാർ ചാരിട്ടിയുടെ ചെയർമാന്ന് ഒരു കത്തയച്ചിരിക്കുന്നു.

കത്തു: "തൊള്ളായിരം പവന്ന് ഒരു ചെക്ക് ഇംപീരിയൽ ബേങ്കിൽനിന്ന് എനിക്കു ഇപ്പോൾ കിട്ടി. അതിന്നു നന്ദിസൂചകമായി താഴെ പറയുന്ന കമ്പി ഞാൻ നിങ്ങൾക്കു അപ്പോൾ തന്നെ അയച്ചു:—

'നിങ്ങളുടെ വക്കൽനിന്നു പിന്നേയും തൊള്ളായിരം പവൻ കിട്ടിയതിന്നു നന്ദിപറയുന്നു.'

നിങ്ങളുടെ കമിററി നിരന്തരമായി ചെയ്യുന്ന സഹായത്തിന്ന് എത്രകണ്ടാണ് ഞാൻ നിങ്ങൾക്കു കടപ്പെട്ടിട്ടുള്ളതെന്ന് പറവാൻ വയ്യ. കഴിഞ്ഞ പന്ത്രണ്ട് മാസത്തിനുള്ളിൽ നിങ്ങൾ എൻെറ റഷ്യ സഹായ ഫണ്ടിലേക്കു 2,600 പവൻ അയച്ചുതന്നുകഴിഞ്ഞു. എത്ര മഹത്തായ സഹായമാണ് നിങ്ങടേത്!

സംഖ്യക്കു രശീതി അയക്കുന്നു. നിങ്ങളുടെ കമിററി മെമ്പർമാരോടും മററ് സഹായികളോടും ഞാൻ ഒന്നുകൂടി നന്ദിപറഞ്ഞുകൊള്ളട്ടെ."



## പ്രതിവാരചിന്തകൾ

# സംക്ഷിപ്ത വാൎത്താ വിവരണം

സെപ്തെമ്പർ 15-ാം തിയ്യതി

സെപ്തെമ്പർ 15-ാം തിയ്യതി വിമാനസേനക്കു ഇന്ത്യയിൽ ഒരു വിശേഷ ദിവസമായിരുന്നു. അന്നു അവർ ഒരു സുദിനം കൊണ്ടാടി. എന്തായിരുന്നു അന്നേത്തെ പ്രാധാന്യം? കൊല്ലം 1940 സെപ്തെമ്പർ 15-ാം തിയ്യതിയാണു് ജൎമ്മൻ വിമാനസൈന്യം ബ്രിട്ടനിൽ ചെന്നു അതിഗംഭീരമായ ആക്രമണം നടത്തിയതു്. അതിന്നു മുമ്പും, അതിന്നു ശേഷവും ഇത്തരത്തിലുള്ള ആക്രമണം ഉണ്ടായെങ്കിലും, സെപ്തെമ്പർ 15-ാം തിയ്യതിയുണ്ടായ ആക്രമണത്തിന്റെ ശക്തി മററൊന്നിന്നും ഉണ്ടായിരുന്നില്ല. അന്നു് ലണ്ടൻ നഗരിയിൽ തന്നെ എത്ര നഷ്ടമാണു് വന്നതെന്നു പറവാൻ പ്രയാസം. ചക്രവൎത്തി തിരുമേനിയുടെ കൊട്ടാരവും, അതിവിശേഷമായ കെട്ടിടങ്ങളും, പള്ളികളും, പാർലിമെണ്ടു് കെട്ടിടവുമെല്ലാം ജൎമ്മൻ ബോംബുവൎഷത്തിൽ പെട്ടേണ്ടിവന്നു. ഈ ദിവസമായിരുന്നു ഹിററ്ലർ ബ്രിട്ടനെ ആക്രമിക്കേണമെന്നു പ്ലാൻ ഇട്ടിട്ടുണ്ടായിരുന്നതു്. എന്നാൽ ആർ. എ. എഫ്. വിമാന സൈന്യത്തിന്റെ എതിൎപ്പുകൊണ്ടു ഹിററ്ലർ ഉദ്ദേശിച്ചപോലെ ഒന്നും സാധിച്ചില്ല. അതിനാൽ ഈ ദിവസം ആർ. എ. എഫിന്നു അഭിമാനം കൈക്കൊള്ളാവുന്ന ഒരു ദിവസമാകുന്നു. ഇതിനെ ഇന്ത്യയിൽ വേണ്ടതുപോലെ കൊണ്ടാടി. ബ്രിട്ടനെ രക്ഷിച്ചുവെന്നുള്ള അഭിമാനം മാത്രമല്ലാ ഇന്നു് ആർ. എ. എഫിന്നുള്ളു. ജൎമ്മനിയിലും, ജൎമ്മൻകാർ പിടിച്ചടക്കിയ പ്രദേശങ്ങളിലും അവർ ചെന്നു് മൎദ്ദനം ചെയ്യുന്നതിന്നു ഒരു കയ്യുംകണക്കുമില്ല. ജൎമ്മൻ വിമാന സൈന്യത്തിന്റെ ശക്തി ഉടച്ചുകളഞ്ഞതു് ആർ.എ.എഫ്. വിമാനസൈന്യമാണു്.

ഓണം

മലബാറിൽ ഓണം സുഖമായിക്കഴിഞ്ഞുവെന്നും, യുദ്ധസഞ്ചികയുടെ മാന്യവായനക്കാൎക്കു ഈ ശുഭദിവസം സൎവ്വമംഗളകരമായിയെന്നും കരുതുന്നു. മംഗളാശംസ എന്തെ മുൻകൂട്ടി അയക്കാത്തതെന്നു ചോദിച്ചേക്കാം. എങ്ങിനെയാണു് ദുഃഖപ്രദമായ ഇക്കാലത്തു ഓണം സുഖമായിക്കഴിയുകയെന്നു സംശയിച്ചുമാത്രം ആശംസിക്കാതിരുന്നതാണു്. ദാരിദ്ര്യം ഒരുവക. അതിന്റെകൂടെ കോളറ. ഇങ്ങിനെ രണ്ടു മഹാദുഃഖങ്ങൾ അനുഭവിച്ചുവരുന്ന സമുദായത്തിന്നുണ്ടോ ഓണവും, വിഷുവും മററും! അങ്ങിനെയെല്ലാമാണെങ്കിലും അനവധി സാധുക്കളായിട്ടുള്ളവർ ഇക്കുറി ഓണം സുഖമായി ഉണ്ടുവെന്നു് എന്നോടു പറകയുണ്ടായി. കുട്ടനെപ്പററി പറഞ്ഞു കൊല്ലമായി യാതൊരു വൎത്തമാനവുമില്ല. ഇത്തവണ അവൻ മൂലത്തിന്നാൾ വരുന്നതു കണ്ടു. ഓണത്തിന്റെ ചെലവിലേക്കു അയ്യഞ്ചുറുപ്പിക തന്നു. ഇനി മാസംമാസം മുപ്പതീത ഉറുപ്പിക അയച്ചുതരാമെന്നു പറഞ്ഞിട്ടുണ്ടു്. വളരെ കാലമായി ഇത്ര സുഖമായിട്ടുള്ള ഓണം ഞങ്ങൾക്കുണ്ടായിട്ടില്ല. ഈ വിധത്തിലുള്ള കഥ പറയുന്നവരെ അനവധിയായി ഞാൻ ഈ ഓണത്തിന്നു കാണുകയുണ്ടായി. ദാരിദ്ര്യശക്തികൊണ്ടു ഓണം വന്നാൽ അറിയാത്ത അനവധി ആളുകൾ ഇക്കുറി ഓണം വെടുപ്പായി കഴിച്ചിരിക്കുന്നു. എല്ലാം പട്ടാളത്തിൽനിന്നു വന്ന പണം കൊണ്ടാണു്. യുദ്ധം നിമിത്തം എന്തു ക്ലേശങ്ങൾ നാം അനുഭവിക്കുന്നുണ്ടെങ്കിലും അനവധി ഹൃദയങ്ങൾ സന്തോഷിക്കുന്നതായ സമൃദ്ധി ഏററവും ആനന്ദകരമായിട്ടുള്ളതാണു്.

ക്ഷാമം

ഓണം ഇങ്ങിനെ കഴിഞ്ഞുകൂടിയെങ്കിലും ക്ഷാമം അതികലശലായിട്ടുണ്ടു്. ഇതും പ്രത്യക്ഷമാണു്. കൊയ്ത്തു് മലബാറിൽ എല്ലാ താലൂക്കിലും ആയിട്ടില്ല. എങ്കിലും പച്ചനെല്ലു കുറെശ്ശ കിട്ടുവാനുണ്ടു്. അതു ഉറുപ്പികക്കു നാലു നാഴിയിൽ അധികമില്ല. സാധാരണ കാലങ്ങളിൽ ചിങ്ങ മാസം അവസാനമാവുമ്പോഴേക്കും ഉറുപ്പികക്കു രണ്ടു പറ നെല്ലു് സാധാരണയായിരുന്നു. ഇന്നു അതേ നെല്ലിന്റെ വില അഞ്ചിരട്ടിയായിരിക്കുന്നു. ഇതനുസരിച്ചു മററുള്ള സാമാനങ്ങളുടെയും വില കയറീട്ടുണ്ടു്. വില കയറീട്ടുണ്ടെങ്കിലും സാമാനങ്ങൾ ധാരാളമായി കിട്ടുവാനുണ്ടോ? അതില്ലതാനും. ഉറുപ്പിക കയ്യിൽ വെച്ചുകൊണ്ടു് ആളുകൾ എന്താണു് ചെയ്യുക? ഭക്ഷണധാന്യങ്ങൾ ധാരാളമായി കിട്ടുവാനില്ല. ഈ ക്ഷാമം ഓണക്കാലമായപ്പോഴേക്കും കുറെ സമാധാനിച്ചു. അതിന്നു കാരണം പച്ചനെല്ലിന്റെ വരവു തന്നെയാണു്. ഒരു മാസം മുമ്പു് ഇതും കിട്ടാനില്ലാത്ത സ്ഥിതിയായിരുന്നപ്പോളാണു് കോളറ വൎദ്ധിച്ചതു്. ആളുകൾ വിശപ്പടങ്ങുവാൻ എന്തും തിന്നുതുടങ്ങിയതിനാലാണു് കോളറ വൎദ്ധിച്ചതു്. രണ്ടു നേരം കുറെശ്ശ ഊണിന്നുള്ള നിവൃത്തിയായപ്പോൾ കോളറയും അവസാനിച്ചു. ഇല്ലെങ്കിൽ മലബാറിലുണ്ടോ കോളറക്കു മററും വഴി? ഇത്ര ശുചിയായ ജീവിതമുള്ള മറേറതു സമുദായമാണു് ഇന്നു് ലോകത്തിലുള്ളതു്? പ്രകൃതിദത്തമായിട്ടുള്ള ഒന്നാന്തരം വെള്ളം മലബാറിലുള്ളപോലെ മറെറവിടെയാണുള്ളതു്? രണ്ടു നേരം കുളിക്കാത്ത മലയാളി ഏതാണു്? എന്തിന്നേറെ പറയുന്നു? മല

ബാറിലെ ജന്മി കുഡുംബങ്ങളിൽ ഏതിലെങ്കിലും ഒരാൾ കോളറ പിടിച്ചു മരിച്ചതായി കേട്ടിട്ടുണ്ടോ? ഇല്ല. ഭക്ഷണത്തിന്നു നിവൃത്തിയില്ലാത്തവരുടെ ഇടയിൽമാത്രമെ ഈ ദീനം ഉണ്ടാകുന്നുള്ളു. അതിനാൽ, തല്ക്കാലം ഭക്ഷണത്തിന്നുള്ള ക്ഷാമം അല്പം തീൎന്നു് ആളുകൾ കുറെശ്ശ ഭക്ഷണം കഴിപ്പാൻ തുടങ്ങുകയും കോളറക്കു വളരെ സമാധാനം വരികയും ചെയ്തിരിക്കുന്നതിനാൽ, ഇനിമേലിൽ സാധുക്കൾക്കു ഭക്ഷണം ലഭിപ്പാനുള്ള ഒരു നിവൃത്തിമാൎഗ്ഗം അധികൃതന്മാർ ഉണ്ടാക്കിക്കൊടുപ്പാൻ ശ്രമിക്കേണ്ടതാണു്. ഭാഗ്യവശാൽ ഇപ്പോൾ തന്നെ അതിന്നായി പലേ ശ്രമങ്ങളും ചെയ്തുകാണുന്നുണ്ടു്. അവയിൽ കുറെകൂടി ജാഗ്രതവെച്ചാൽ മതി.

**ഡിസ്ട്രിക്ട് ബോ**

മലബാർ ഡിസ്ട്രിക്ടു് ബോൎഡ് രണ്ടാമതും ആരംഭിച്ചിരിക്കുന്നു. ഖാൻ ബഹദൂർ ഉണ്ണിക്കമ്മു സാഹെബ്ബ് ബഹദൂറാണു് അതിന്റെ പ്രസിഡെണ്ടു്. ഇന്നു ഗവൎമ്മേണ്ടും ദേശീയ സമരനിരയും കൂടി എടുത്തുവരുന്ന പരിശ്രമങ്ങളിൽ കുറെകൂടി ഉത്സാഹം കിട്ടുവാൻ ഏററവും പററിയ ഒരു സ്ഥാപനമാണു് ഡിസ്ട്രിക്ടു് ബോൎഡ്. നിയമം മൂഖേന ചില പ്രത്യേക കാൎയ്യങ്ങൾ നടത്തേണ്ടതിന്നു സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനമാണു് ഇതെങ്കിലും മലബാർ ജില്ലയിലെ ക്ഷാമനിവാരണാൎത്ഥം ചില പരിശ്രമങ്ങൾ ഈ ബോൎഡ് ചെയ്യേണ്ടതും, അതിന്നു ബോൎഡിനെ ചില കാൎയ്യങ്ങൾ നിയമം മൂഖേന ഗവൎമ്മേണ്ടു് ഏല്പിക്കേണ്ടതുമാണു്. ഈ കാൎയ്യത്തിൽ പ്രത്യേകം ചില പദ്ധതികൾ ഉടനെ ഉണ്ടാകുമെന്നു വിശ്വസിക്കുന്നു. പൊതുജന നന്മക്കുതകുന്ന സൎവ്വവും ഒരു തദ്ദേശ സ്വയഭരണസ്ഥാപനത്തിന്നു ചെയ്യാവുന്നതാണു്. ക്ഷാമനിവാരണാൎത്ഥം ചെയ്യുന്ന പ്രവൎത്തിയിലും വലുതായിട്ടെന്തൊന്നാണു് ഈയവസരത്തിൽ പൊതുജനനന്മക്കു വേണ്ടതു്?

**ചക്കരകിഴങ്ങും പൂളോക്കിഴങ്ങും**

ഭക്ഷണസാധനങ്ങളുടെ ക്ഷാമം തീരാൻ പൊതുജനങ്ങളാൽ കഴിയുന്നതെല്ലാം ചെയ്തുവരുന്നുണ്ടു്. എത്ര എത്ര പറമ്പുകളാണു് വളച്ചുകെട്ടി ചക്കരകിഴങ്ങും പൂളോക്കിഴങ്ങും നട്ടിരിക്കുന്നതു്! പത്തുറുപ്പികക്കു ചക്കര വള്ളിക്കിഴങ്ങു് വാങ്ങി നട്ടാൽ നൂറുറുപ്പികക്കു കിഴങ്ങു പറിക്കാം. അതുപോലെത്തന്നെയാണു് പൂളോക്കിഴങ്ങിന്റെയും അനുഭവം. എന്നാൽ ഇതൊന്നും ഒരു സ്ഥിര ഭക്ഷണമായി മലബാറിൽ ഇതെവരെ ആരും, ദരിദ്രന്മാർകൂടി, ആചരിച്ചിട്ടില്ല. ഇനിമേലിലും അതൊരു സ്ഥിര ഭക്ഷണമായി ആചരിച്ചുവരുവൻ പ്രയാസമാണു്. യുദ്ധം നിമിത്തം സൎവ്വ ജനങ്ങളും അവരാൽ കഴിയുന്ന ത്യാഗം അനുഷ്ഠിക്കേണമെന്നുള്ള ന്യായമനുസരിച്ചു നമ്മളും അത്തരത്തിലുള്ള അനുഷ്ഠാനങ്ങൾ ആചരിക്കേണമെന്നല്ലാതെ, സ്ഥിരമായി കൊള്ളിക്കിഴങ്ങും ചക്കരക്കിഴങ്ങും കഴിച്ചു ജീവിക്കാൻ ശ്രമിക്കരുതു്. കൃഷിയിൽ പൊതുജനങ്ങൾക്കു ആസക്തിയുണ്ടാക്കിതീൎക്കത്തക്ക ചില നിയമങ്ങളും, ഭൂമിക്കു വിളവു വൎദ്ധിപ്പിക്കേണ്ടതിന്നുള്ള ശാസ്ത്രീയരീതിയും ആചരിക്കുകയാണു് നമുക്കു ഉത്തമമായിട്ടുള്ളതു്. ഭൂമി തരുന്ന വിളയുടെ ഒരു പങ്കു് തിന്നുവാൻ, ഭൂമി ഉടമസ്ഥത നടിച്ചു, കാൎയ്യസ്ഥനെക്കൊണ്ടു മിച്ചവാരവും പൊളിച്ചെഴുത്തവകാശവും പിരിച്ചു ജീവിക്കുന്ന മദ്ധ്യസ്ഥാവകാശികൾ തീരെ ഇല്ലാതാകണം. അല്ലെങ്കിൽ, ഭൂമിയുടെ വിളവു വൎദ്ധിപ്പിക്കേണ്ടതിന്നുള്ള സകല മാൎഗ്ഗങ്ങളും അവർ എടുക്കണം. ഇന്നു ഭൂമിയെപ്പററി യാതൊരു ചിന്തയും ഇവക്കില്ലാത്തതുകൊണ്ടാണു് മലബാറിലെ കൃഷിമാമൂലനുസരിച്ചുതന്നെയിരിക്കുന്നതു്. യഥാൎത്ഥത്തിൽ കൃഷി ചെയ്യുന്നവനു ഭൂമിയുടെ നന്മക്കു വേണ്ടി വല്ലതും ചെയ്‌വാൻ പ്രാപ്തിയില്ല. ഉണ്ടെങ്കിൽ തന്നെ അവനു ഭൂമിയുടെ നന്മയെപ്പററി ചിന്തിക്കാൻ അത്ര ആസക്തിയില്ല. എന്തിന്നു ചെയ്യുന്നു? എന്റെ അവകാശം ഇത്രയല്ലെ ഉള്ളുവെന്നാണു് അവന്റെ ന്യായം. ഭക്ഷണസാധനങ്ങൾ ധാരാളമായി കിട്ടുവാനുള്ള നിവൃത്തിമാൎഗ്ഗങ്ങൾ ചെയ്യേണ്ടതിന്നു പുറമെ, മേൽപറഞ്ഞ രണ്ടു സംഗതികളിലും ഡിസ്ട്രിക്ടു് ബോൎഡ് ഒന്നു ശ്രദ്ധവെക്കണം. ഭൂമിയെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം എല്ലാൻ മലബാറിലെ ജന്മികൾ ഒരുക്കമുള്ളവരാക്കിത്തീൎക്കണം. ഉത്തരവാദിത്വം ഇല്ലാത്ത ഒരവകാശത്തിന്നും വിലയില്ലെന്നു അവരെ ധരിപ്പിക്കണം. അവകാശപ്പെട്ട പിരിവുകൾ പിരിക്കുവാനുള്ള കാൎയ്യസ്ഥന്മാരല്ലാതെ, ഭൂമിയുടെ വിളവു വൎദ്ധനക്കുള്ള ഒരു ഡിപ്പാൎട്ടുമെണ്ടു ഏതെങ്കിലും ഒരു ജന്മി ഇതെവരെ ഏൎപ്പെടുത്തീട്ടുണ്ടോ?

# റഷ്യാ – ജൎമ്മൻ യുദ്ധം

## 210-ാമത്തെ ആഴ്ച

## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ചു

# ഇററലിയുടെ കീഴടങ്ങൽ

## ഫാസിസത്തിൻെറയും മുസ്സോളിനിയുടെയും രണ്ടാമത്തെ ആവിൎഭാവം

ഇററലി കീഴടങ്ങിയത്രെ. ആൎക്ക്? ബഡോഗ്ലിയോവും തൻെറ ഭരണവും ഐക്യകക്ഷികൾക്ക കീഴടങ്ങി. അപ്പോഴെക്കതാ, ആ കീഴടങ്ങൽ സാധുവല്ലെന്നു പറഞ്ഞ് ജൎമ്മൻ സൈന്യനായകസമിതി ലഹള കൂട്ടുന്നു. വടക്കൻ ഇററലിയിലുള്ള ഇററലിയൻ സൈന്യങ്ങളും റോമാനഗരിയും അതിൻെറ അയമ്പത്തു് ചതുരശ്ര നാഴികകളുള്ള പരിസരങ്ങളും ജൎമ്മൻ സൈന്യത്തിന്നു കീഴടങ്ങിയെന്നും കേൾക്കുന്നു. യഥാൎത്ഥത്തിൽ ഇപ്പോൾ ഇററലിയുടെ അനവധി ഭാഗങ്ങളും തലസ്ഥാനനഗരിയും ജൎമ്മൻ സൈന്യത്തിൻെറ കൈവശമാകുന്നു. ബഡോഗ്ലിയോവിൻെറ ഭരണം കീഴടങ്ങിയെങ്കിലും ഐക്യകക്ഷികൾക്ക ഇററലിയിൽ ജൎമ്മൻ സൈന്യത്തിനോടു യുദ്ധം ചെയ്യാതെ രാജ്യം കൈവശം വരികയില്ലെന്നു തീൎച്ചയാണു്.

ഇങ്ങിനെയൊരു സ്ഥിതി ഇററലിയിൽ വന്നുചേൎന്നതു് ഐക്യകക്ഷികൾക്ക യാതൊരു പരിഭ്രമത്തിന്നും ഇടയാക്കീട്ടില്ല. ഇററലിയിലെ കാൎയ്യങ്ങൾ ഇങ്ങിനെയാണു് വന്നു കലാശിക്കുകയെന്നു ഐക്യകക്ഷികൾ എത്രയൊ മുമ്പുതന്നെ പ്രതീക്ഷിച്ചിട്ടുണ്ടു്. അതിന്നുള്ള ഒരുക്കങ്ങളും അവർ ചെയ്തിട്ടുണ്ടു്. എന്നാൽ ഈ സംഗതി ലോകത്തിനെ പൊതുവെ പരിഭ്രമിപ്പിച്ചിട്ടുണ്ടായിരിക്കാം. കാരണം, ഇററലിക്കുണ്ടായിരുന്ന യഥാൎത്ഥസ്ഥിതി മുഴുവൻ വെളിവായിട്ടില്ല. ഇററലിയിൽ മുസ്സോളിനിയെ വേണ്ടെന്നു വെച്ചതും ബഡോഗ്ലിയോവിനെ പകരം നിശ്ചയിച്ചതുമെല്ലാം അവിടത്തെ രാജാവാണു്. ബഡോഗ്ലിയോവിൻെറ ഭരണം നിയമം മുഖേന സ്ഥാപിച്ച ഒരു ഭരണമായിരുന്നു. അങ്ങിനെയുള്ള ഒരു ഭരണം ഐക്യകക്ഷികൾക്ക കീഴടങ്ങിയെന്നുവന്നാൽ, ഹിററ്ലർ അതിനെപ്പററി ശഠിച്ചിട്ടെന്തു കാൎയ്യമാണു്? അങ്ങിനെ കീഴടങ്ങിയതു ശരിയല്ലെന്നും, ഇററലിയിലെ ഭരണം വേറൊരു സ്ഥലത്തു വെച്ചു നടക്കുന്നുണ്ടെന്നും, ആ ഭരണം ജൎമ്മനിക്കാണു് കീഴടങ്ങിയിരിക്കുന്നതെന്നും മററും കുണ്ടാമുണ്ടി ന്യായം പുറപ്പെടുവിച്ചിട്ടു ഹിററ്ലൎക്കെന്തു കാൎയ്യമാണു്?

ഇതിൻെറയെല്ലാം അൎത്ഥം ഒന്നുമാത്രമെയുള്ളു. സ്വതന്ത്രമായ ഒരു ഇററലി ഇല്ലാതായിട്ടു് കാലം കുറച്ചായിരിക്കുന്നു. യൂറോപ്പ്യൻ വൻകരയിൽ മുസ്സോളിനി തനിക്കൊരു വിപരീതശക്തിയായിത്തീരുമെന്നു ഹിററ്ലർ കാണ്മാൻ തുടങ്ങിയ മുതല്ക്കു മുസ്സോളിനിയെ "രണ്ടുംകെട്ട" ഒരു സാധനമാക്കാൻ തുടങ്ങി. മുസ്സോളിക്കാവട്ടെ ഹിററ്ലറുടെ ഈ നയം കണ്ടു മനസ്സിലാക്കുവാനുള്ള ശക്തിയും ഇല്ലായിരുന്നു. അതിനാൽ പരമ്പരയായി ഇററലി ആചരിച്ചുവന്നിരുന്ന വിദേശകാൎയ്യനയങ്ങളെല്ലാം മുസ്സോളിനി ക്രമേണ വലിച്ചെറിഞ്ഞു് ജൎമ്മനിയുടെയും ഇററലിയുടെയും മൈത്രീബന്ധം ഉറപ്പിച്ചു. 1934 ൽ കൂടി ഹിററ്ലർ ആസ്ത്രിയയെ കീഴടക്കുവാൻ ശ്രമിച്ചപ്പോൾ മുസ്സോളിനി ഇററാലിയൻ സൈന്യത്തെ ബ്രെംനർ പാസ്സിൽ കൊണ്ടുപോയി ഒരുക്കിനിൎത്തുകയും ഹിററ്ലരെ ഭയപ്പെടുത്തുകയും ചെയ്തു. അക്കാലത്തു ഇററലിയും ബ്രിട്ടനുമായിട്ടുണ്ടായിരുന്ന മൈത്രിയും നിലനിൎത്തിയിരുന്നു. അതിന്നുശേഷം ക്രമേണ മുസ്സോളിനി ബ്രിട്ടൻെറ പിടിയിൽ നിന്നു വിട്ടു് ജൎമ്മനിയുടെ പിടിയിലായി. ഇതിന്നു കാരണം മുസ്സോളിനി അബിസീനിയായിൽ കാട്ടിയ ധിക്കാരങ്ങൾക്ക ബ്രിട്ടൺ അനുകൂലിച്ചില്ലെന്നുള്ള സംഗതിയാണു്. ഹിററ്ലറാകട്ടെ അങ്ങിനെയുള്ള ധിക്കാരങ്ങൾക്കെല്ലാം അനുകൂലിക്കുകയും ചെയ്തു. മുസ്സോളിനിയെ പോക്കററിലാക്കിക്കഴിഞ്ഞതിന്നു ശേഷം ഹിററ്ലൎക്കു ആസ്ത്രിയായിലും, ചെക്കോസ്ലോവെക്കിയായിലും മററും ഉണ്ടായിരുന്ന ഉദ്ദേശങ്ങൾ നിഷ്പ്രയാസം സാധിക്കുകയും ചെയ്തു. യുദ്ധം ആരംഭിച്ചപ്പോഴേക്കും ഇററലി മുസ്സോളിനിയുടെ ഭരണത്തിൻ കീഴിൽ ജൎമ്മനിയുടെ ഒരു സംസ്ഥാനംപോലെയായിരുന്നു. ഈ സംഗതി ജൎമ്മനിയും ഇററലിയും അക്കാലങ്ങളിൽ സമ്മതിച്ചിരുന്നില്ലെങ്കിലും ഇന്നത്തെ സ്ഥിതികൊണ്ടു പ്രത്യക്ഷമാകുന്നുണ്ടു്. ഇററാലിയൻ ഭരണം ഐക്യകക്ഷികൾക്ക കീഴടങ്ങിയാലും ഇററലി ഐക്യകക്ഷികളുടെ കൈവശം വരേണമെങ്കിൽ ജൎമ്മൻ സൈന്യത്തിനോടു പൊരുതിയെ ആവൂ. ഐക്യകക്ഷികൾക്ക മുമ്പു തന്നെ ഇതു ധാരാളം അറിയുന്ന സംഗതിയായതിനാൽ ഇതുകൊണ്ടു അവരുടെ ഉദ്ദേശങ്ങൾക്ക പ്രത്യേകിച്ചു മുടക്കൊന്നും വരുന്നതല്ല.

ഇതെഴുതിക്കഴിഞ്ഞതിന്നു ശേഷം കിട്ടിയ വൎത്തമാനം കൊണ്ടു് മുസ്സോളിനി ഇററലിയിൽ രണ്ടാമതും ജൎമ്മൻ സഹായത്തോടുകൂടി ആവിൎഭവിച്ചിരിക്കുന്നു. ഫാസിസ്റ്റ് കക്ഷിയുടെ നേതാവായിട്ടുതന്നെയാണു്. പക്ഷെ കക്ഷിയുടെ പേർ മാററീട്ടുണ്ടു്. റിപ്പബ്ലിക്കൻ ഫാസിസ്റ്റ് കക്ഷിയെന്നാണു് ഇപ്പോൾ ഇതിന്നു പേർ പറയുന്നതു്. ഇററലിയെ ഈ സ്ഥിതിയിലാക്കി തീൎത്താൽ പോരായെന്നാണു് ഈയാളുടെ മതമെന്നു് തോന്നുന്നു; ബാക്കി വല്ലതും ശേഷിച്ചിട്ടുണ്ടെങ്കിൽ അതും കൂടി നശിപ്പിക്കേണമെന്നുണ്ടായിരിക്കാം. മലബാറിൽ സാധാരണ സദ്യകൾക്ക മാന്യന്മാരായവരെ ക്ഷണിച്ചു വരുത്താറുണ്ടല്ലൊ. സദ്യ കഴിഞ്ഞാൽ പിന്നെ അവർ അവിടെ നില്ക്കയില്ല. ക്ഷണിക്കാതെ വരുന്ന ചില അതിഥികളുണ്ടു്. അവർ സദ്യകഴിഞ്ഞാലും ഒഴിക്കില്ല; ചെമ്പടുപ്പിലെ വെണ്ണീർ കോരുന്നതുവരെ അവിടെ നില്ക്കും. ഇതുതന്നെയാണു് മുസ്സോളിനിക്കു് ഇററലിയിലുള്ള നിലയും വിലയും.

## ഇററലിക്കാരോട്

പ്രസിഡെണ്ട് റൂസ്‌വെൽട്ടും മി. ചർച്ചിലും കൂടി ഇററലിക്കാർക്കൊരു അപ്പീൽ ബഡോഗ്ലിയോ മുഖാന്തരം അയച്ചിരിക്കുന്നു: "നിങ്ങളുടെ രാഷ്ട്രം അത്യാപത്തിൽ പെട്ടുകിടക്കുന്ന ഈ ഘട്ടത്തിൽ നിങ്ങടെ സ്വാതന്ത്ര്യവും സമാധാനവും കൈവരേണ്ടതിന്നു അതിഗൌരവമായ ഒരു പദ്ധതി തുടങ്ങുവാൻ നിങ്ങൾക്കു ഭാഗ്യമായി. ഇതു നിങ്ങളുടെ സ്വാതന്ത്ര്യം മാത്രമല്ല നിങ്ങടെ രാഷ്ട്രത്തിന്നു സർവ്വ രാഷ്ട്ര സമിതിയിൽ ഒരു മാന്യമായ സ്ഥാനം കൂടിയുണ്ടാക്കിത്തീർക്കുന്ന ഒരു പദ്ധതിയാണ്. ഫാസിസ്റ്റ്കാരുടെ ചവിട്ടിൽ കിടന്നുകൊണ്ടുള്ള അടിമജീവിതം നിങ്ങൾ അവസാനിപ്പിച്ചതു എത്രയൊ മഹത്തായ ഒരു കർമ്മമായി. ഇനി ഏററവും പ്രധാനമായിട്ടുള്ള ഒരു പ്രവൃത്തി ജർമ്മൻ ആക്രമികളെ നിങ്ങടെ മണ്ണിൽ നിന്നോടിക്കുന്നതാണ്. ഹിററ്ലരും മുസ്സോളിനിയും കൂടി നിങ്ങളുടെ രാജ്യം നശിപ്പിച്ചിരിക്കുന്നു. ഹിററ്ലർ ഇററലിക്കാരെ ആഫ്രിക്കയിലും റഷ്യയിലും ഇട്ടുതൊലച്ചുകളഞ്ഞു. ഐക്യകക്ഷിസൈന്യങ്ങൾക്കു ഇററലിക്കാരെ തീററയായി മുന്നിൽ വിട്ടു ജർമ്മൻ സൈന്യങ്ങൾ രക്ഷപ്പെട്ടുകയായിരുന്നു. ഇപ്പോൾ ജർമ്മനി കീഴടക്കിയതായ മററുരാജ്യങ്ങളിൽ കാണിക്കുന്ന അക്രമങ്ങൾ ഇററലിയിലും കാണിക്കുമെന്നു പറഞ്ഞു നിങ്ങളെ ഭയപ്പെടുത്തുകയാണ്. ഐക്യകക്ഷികളുടെ സ്വാതന്ത്ര്യസേന നിങ്ങളുടെ അരികത്തെത്തീട്ടുണ്ടെന്നു മനസ്സിലാക്കി ധൈര്യമായിരിക്കുവിൻ. ഞങ്ങളുടെ അതിശക്തിയായ സൈന്യം ഇററലിയിൽ പലേ സ്ഥലങ്ങളിലും ഇറങ്ങിയിരിക്കുന്നു. ജർമ്മൻകാർ ഇററലിയിൽ കാട്ടുന്ന അക്രമങ്ങൾ വളരെ കാലം നിലനില്ക്കുന്നതല്ല. അവരെ നിങ്ങളുടെ രാജ്യത്തുനിന്നു ഞങ്ങൾ ഉന്മൂലനാശം ചെയ്യുന്നതാണ്. ഞങ്ങളുടെ ഈ പരിശ്രമത്തിൽ നിങ്ങളും കൂടി സഹായിക്കുന്നപക്ഷം നിങ്ങളുടെ പൂർവ്വീക സ്നേഹിതന്മാരോടുകൂടി നിങ്ങൾക്കു മേലിലും ചേരാനുള്ള അവകാശമായി. ജർമ്മൻകാരെ മർമ്മം നോക്കി അടിക്കുവാനുള്ള അവസരങ്ങൾ പാഴാക്കിക്കളയരുത്. നിങ്ങളുടെ ഭാവിയിൽ പൂർണ്ണമായി വിശ്വസിക്കുക. കാര്യങ്ങളെല്ലാം ശുഭമായിക്കലാശിക്കും. നിങ്ങളുടെ അമേരിക്കൻ സ്നേഹിതന്മാരുടെയും ബ്രിട്ടീഷ് സ്നേഹിതന്മാരുടെയും ഒന്നിച്ചു മുന്നോട്ടു പോവുക."

## ഈയാഴ്ച : യുദ്ധരംഗങ്ങൾ

1943 സെപ്തംബർ 10-ാം തിയ്യതി : ഹിററ്ലർ ജർമ്മൻ ജനതയോടു ആകാശവാണിയിൽ പ്രസംഗിക്കുന്നു. ഇററലിയിലുണ്ടായ സംഭവങ്ങൾ വിസ്തരിച്ചു പറയുന്നു.

ബാർവെങ്കൊ, ലോസനക്കൊ, മാരിപോൾ എന്നീ പട്ടണങ്ങൾ റഷ്യൻ സൈന്യം പിടിച്ചു. ഇതെല്ലാം വടക്കൻ യുക്രൈനിലുള്ളവയാണ്.

ഇററലിയുടെ നാവിക സൈന്യത്തിൻെറ ഒരു സങ്കേതമായ ടറാണ്ടൊ തുറമുഖം ബ്രിട്ടീഷ് സൈന്യം പിടിച്ചു.

ജർമ്മൻ സൈന്യങ്ങൾ ആൽബേനിയായിൽ പ്രവേശിച്ചു.

റോമാപട്ടണവും അതിൻെറ 50 നാഴിക വിസ്തീർണ്ണത്തിലുള്ള പരിസരങ്ങളും ജർമ്മൻ സൈന്യനായകനായ ജനറൽ കെസൽറിങ്ങിന്നു കീഴടങ്ങി. മററു പലേ പട്ടണങ്ങളും യുദ്ധതന്ത്രത്തിന്നു സൌകര്യമായിട്ടുള്ളേടത്തോളം ജർമ്മൻ സൈന്യത്തിൻെറ കൈവശം വന്നിരിക്കുന്നു. വടക്കൻ ഇററലിയിൽ റോമൽ ജർമ്മൻസൈന്യനായകനാണ്.

11-ാം തിയ്യതി : റഷ്യൻസൈന്യം നീപ്പർ നദിയുടെ നാല്പതുനാഴികക്കടുത്ത പ്രദേശങ്ങളിൽ എത്തിയിരിക്കുന്നു. ഈ നദിയാണ് ജർമ്മൻസൈന്യത്തിന്ന് ഒടുവിൽ ഉള്ള രക്ഷ.

ഇററലിയിൽ സലേർനോ തുറമുഖം ഐക്യകക്ഷി സൈന്യങ്ങൾ പിടിച്ചു.

14-ാം തിയ്യതി : റഷ്യൻ സൈന്യം ബ്രിയാൻസ്ക് നഗരി പിടിച്ചു.

തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗത്തിൽ ന്യൂഗിനിയാ ദ്വീപിലുള്ള സലമൗവാ പട്ടണത്തിൽനിന്ന് ജാപ്പാൻ സൈന്യം ഒഴിച്ചു ഐക്യകക്ഷിസൈന്യങ്ങൾ ഈ പട്ടണം കൈവശപ്പെടുത്തി.

15-ാം തിയ്യതി : റഷ്യൻസൈന്യം നെഷിൻ പട്ടണം ജർമ്മൻകാരുടെ വക്കൽനിന്ന് പിടിച്ചെടുത്തു. നെഷിൻ കീവിൽനിന്ന് 65 മയിൽ കിഴക്കുള്ള ഒരു പ്രധാന റയിൽവെ ജങ്ക്ഷനാണ്. കീവ് യുക്രൈനിൻെറ തലസ്ഥാനമാകുന്നു.

റഷ്യൻ സൈന്യം നോവാറൊസിസ്കിന്നടുത്തെത്തിയിരിക്കുന്നു. ഇതു കരിങ്കടലിലെ ഒരു പ്രധാന റഷ്യൻ തുറമുഖമാണ്. ഒരു കൊല്ലംമുമ്പ് ഇതു ജർമ്മൻകാർ കൈവശപ്പെടുത്തി.

ഇററലിയിൽ സലേർനൊ പട്ടണത്തിന്നടുത്തുവെച്ച് ഐക്യകക്ഷികളുടെ അഞ്ചാം സൈന്യവും ജർമ്മൻസൈന്യവും കൂടി കൂട്ടിമുട്ടിയിരിക്കുന്നു. അതിഗംഭീരമായ യുദ്ധം നടക്കുന്നുണ്ട്.

ഡൊഡേക്കാനീസ് ദ്വീപുകൾ ജർമ്മൻകാർ 13-ാം തിയ്യതി കൈവശപ്പെടുത്തിയെന്നറിയുന്നു. ഇററലിക്കാർ ജർമ്മൻകാർക്കു കീഴടങ്ങുകയാണത്രെ ഉണ്ടായതു്. ഈ ദ്വീപുകൾ കിഴക്കൻ മദ്ധ്യധരണിക്കടലിലുള്ളവയാണ്.

ഇററലിയിൽ ഫാസിസ്റ്റ് കക്ഷിയുടെ നേതാവായി മുസ്സോളിനി രണ്ടാമതും ആവിർഭവിച്ചിരിക്കുന്നു. ഇപ്പോൾ ഈ കക്ഷിയുടെ പേർ റിപ്പബ്ലിക്കൻ ഫാസിസ്റ്റ് പാർട്ടി എന്നാണത്രെ.

## ഞാൻ പറയുന്നതു് ആയാൾ കേൾക്കുമെങ്കിൽ

ജർമ്മനി ഇപ്പോൾ ചെയ്യുന്ന സർവ്വവിധേനയുള്ള ഒരുക്കങ്ങളും കണ്ടാൽ, എന്തോ ലോകത്തിന്നൊരത്യാപത്തടുത്തിട്ടുണ്ടെന്നും, ആയതു് ഒട്ടും താമസിയാതെ സംഭവിക്കുമെന്നും തീർച്ചയാക്കാം. സൈന്യങ്ങളെയും ആയുധങ്ങളെയും കണക്കില്ലാതെ ശേഖരിക്കുന്നു ; ജർമ്മൻ ഗവർമ്മേണ്ടിന്നധീനമായ പത്രലോകത്തിൻെറ സ്വരം മുഴക്കുന്നു ; നാസിക്കക്ഷിനേതാക്കന്മാരുടെ പ്രസംഗത്തിൻെറ ശ്രുതികയറുന്നു. ഇതെല്ലാം കാണുമ്പോൾ ലോകത്തിന്നൊരത്യാപത്തു ഒട്ടും താമസിയാതെ സംഭവിക്കുമെന്നൂഹിക്കാതിരിപ്പാൻ നിവൃത്തിയില്ല. എന്നാൽ ഈ സംഭവത്തിനെ പ്രതിക്രൂലിക്കുന്ന മററു സംഭവങ്ങളും ഇല്ലെന്നല്ല പറയുന്നതു്. ഒരുക്കങ്ങൾ സകലതും ചെയ്തിട്ടുണ്ടെങ്കിലും, തുടങ്ങുവാനുള്ള ആജ്ഞ കൊടുക്കാതിരുന്നാൽ പോരെ ? അങ്ങിനെയുള്ള ആജ്ഞ കൊടുക്കുമോ, കൊടുക്കാതിരിക്കുമോ, എന്നുള്ള തീർപ്പെല്ലാം ഒരേ ഒരാളുടെ സമയഭേദത്തിനേയും തല്ക്കാല സ്തോഭത്തേയുമാണാശ്രയിച്ചിരിക്കുന്നതു്. ഈയാൾ എത്രയോ നിസ്സാരമായ സ്ഥിതിയിൽനിന്നു അത്യുന്നതമായ ഒരു പദവിയിലെത്തിച്ചേർന്നു അവിടെനിന്നും ലോകത്തിനെ ഉപദേശിക്കാനുള്ള പലതും ഉരുട്ടി താഴത്തേക്കിടാമെന്നുള്ള നിലയിലാണിരിക്കുന്നതു്. ഞാൻ ആയാളെ ഉപദേശിക്കയാണെങ്കിൽ ഒന്നാണ് പറയുക : "ക്ഷമിക്കു ; അഗ്രാഹ്യമായ ഒരു ഭയങ്കരതയിൽ ലോകത്തിനെകൊണ്ടു ചാടിക്കുന്നതിന്നു മുമ്പു വേണ്ടപോലെ ആലോചിക്കു. ചരിത്രം മുഖേന എത്രയും പ്രശസ്തമായ നിങ്ങളുടെ കർമ്മങ്ങളെയെല്ലാം ക്ഷണനേരം കൊണ്ടു വലിച്ചെറിയുവാൻ ശ്രമിക്കുന്നതെന്തിനാണ്? പരാജയപ്പെട്ടു ഏററവും പ്രാകൃതമായ നിലയിലെത്തിയ ജർമ്മനിയെ ഇന്നത്തെ വലിയ സ്ഥിതിയിൽ എത്തിച്ചതുതന്നെ നിങ്ങൾക്കു ഏററവും മാന്യമായ ഒരു സ്ഥിതിയാണെല്ലൊ ? ലോകത്തിൽ സർവ്വ രാഷ്ട്രങ്ങളേയും ഇന്നു ജർമ്മനി എന്തു ചെയ്യുന്നുവെന്നറിവാൻ ഉത്സുകന്മാരാക്കിതീർത്തതുതന്നെ നിങ്ങൾക്കു പ്രശസ്തമായ ഒരു പദവിയില്ലെ ? പിന്നെയെന്തിനാണ് അതിനെയെല്ലാം പെട്ടെന്നു വലിച്ചെറിയുവാൻ ശ്രമിക്കുന്നതു് ?"

[മി. ചർച്ചിൽ 1939 ജൂൻ 28-ാം തിയ്യതി ലണ്ടനിൽ കാർലട്ടൺ ക്ലബ്ബിൽവെച്ചു ചെയ്ത പ്രസംഗത്തിൽനിന്ന്]

# ഇംഗ്ലണ്ട്.

(സർദാർ. കെ. യം. പണിക്കർ)

ഇംഗ്ലണ്ടിലേക്ക് എയറോപ്ലെയിനിൽ കയറുന്നതിന്നായി മാൺറിയാലിൽ തിരികെ എത്തിയപ്പോൾ ആണ് മഹാരാജാവിന്ന് ആലസ്യം വർദ്ധിച്ചിരിക്കുന്നു എന്ന ദുഃഖവാർത്ത വാഷിങ്ടണിൽനിന്ന് വിൻറു എന്നെ ദൂരഭാഷിണി മുഖാന്തരം വിളിച്ചറിയിച്ചതു്. ഇംഗ്ലണ്ടിൽ എത്തിയാൽ എങ്ങിനെയെങ്കിലും ഉടൻതന്നെ നാട്ടിലേക്കു മടങ്ങുന്നതിനു നിവൃത്തിയുണ്ടാകും എന്നുള്ള ആശയും മനസ്സിൽ ഇല്ലാതിരുന്നില്ല

മാൺറിയാലിൽനിന്ന് ഇംഗ്ലണ്ടിലേക്കു പോകുന്നതു യുദ്ധവിമാനം (ബോംബർ) വഴിയാണെന്നും, അതിൽ കൂടിയുള്ള യാത്ര അപായകരമെന്നുമാത്രമല്ല, വളരെ അസുഖകരമാണെന്നും ഞാൻ മനസ്സിലാക്കിയിരുന്നു. ഒരാഴ്ചക്കുമുൻപ് ഈ യാത്രയ്ക്കു് ഒരുമ്പെട്ട ബോംബർ അപകടത്തിൽപെട്ടു എന്നു് എനിയ്ക്കു് അറിയാമായിരുന്നു. പുറപ്പെട്ട സ്ഥിതിയ്ക്കു് അതാലോചിച്ചു സങ്കടപ്പെട്ടിട്ടു കാര്യമില്ലല്ലോ എന്നു ഞാൻ ആശ്വസിച്ചു. എയർപോർട്ടിൽ ചെന്നു യാത്രയുടെ കാര്യങ്ങൾ തീർച്ചപ്പെടുത്തിയപ്പോൾ മാത്രമാണു് അസൌകര്യങ്ങൾ എത്രമാത്രം ഉണ്ടെന്നു മനസ്സിലാക്കാൻ സാധിച്ചതു്. ഇട്ടിരിയ്ക്കുന്ന ഉടുപ്പുകളുടെ മുകളിലും തലയിലും എടുത്താൽ പൊങ്ങാത്തവിധത്തിലുള്ള തുകലുകൾ ധരിക്കണമെന്നും, ഒരുവിധത്തിലും ശീതം ബാധിക്കാതിരിക്കുന്നതിന്നായി, പതിവായിടുന്ന ബൂട്ട്സിന്മുകളിൽ വളരെ ഘനമുള്ള വേറെ ഒരു ബൂട്ട്സുകൂടി ധരിക്കണമെന്നും, അതെല്ലാം ഗവമ്മേണ്ടിൽനിന്ന് തന്നെ തരുമെന്നും എയർപോർട്ടധികാരി എന്നോടു പറഞ്ഞു. അതുകൊണ്ടുമായില്ല; 25,000 അടി (ഏകദേശം നാലു നാഴിക) പൊക്കത്തിൽകൂടി ആയിരിക്കും വിമാനത്തിന്റെ യാത്ര. ആ ഉയരത്തിൽ ശ്വാസോച്ഛ്വാസത്തിനു ശക്തിയില്ലപോലും. അതുകൊണ്ടു ആ സമയം മുഴുവൻ ആക്സിജൻ അകത്തു ചെല്ലുന്നതിന്നായി മുഖത്തു ഒരു യന്ത്രം വെച്ചുകെട്ടി മൂക്കിൽ കുഴൽവെച്ചുകൊണ്ടു കിടന്നെങ്കിൽ മാത്രമേ ജീവരക്ഷയുള്ളൂ. ആ കുഴൽ സ്ഥാനം തെററിയാൽ ശ്വാസംമുട്ടി മരിച്ചുപോവുക മാത്രമാണു ഗതി. ഇതെല്ലാം ദേഹത്തിൽ കെട്ടിയും പിടിച്ചും ആദ്യമേ പരിശോധിച്ചുനോക്കി. ശൈത്യത്തിനുള്ള ഉടുപ്പുകൾ ധരിച്ചപ്പോൾ അവയിട്ടുംകൊണ്ടു നില്ക്കുവാൻ സാധിക്കാത്ത വിധമുള്ള ഘനമുണ്ടായിരുന്നതിനാൽ എന്താണു് ചെയ്യേണ്ടതെന്ന് ഞാൻ എയർപോർട്ടധികാരിയോടു ചോദിച്ചു. ബോംബറിൽ കയറുന്നതിനു സഹായിക്കാൻ ഒരാളെക്കൂടെയയക്കാമെന്നായിരുന്നു അയാളുടെ മറുപടി.

## മാൺറിയാലിൽ നിന്നു് പുറപ്പെട്ടു

ഈവിധമെല്ലാം ഉടുത്തുകെട്ടി ജനവരി 18-ാം തീയതി ഞാൻ മാൺറിയാലിൽ നിന്നു ബോംബറിൽ കയറി. വിമാനത്തിന്റെ അകത്തു വളരെ കട്ടിയുള്ള മെത്തകൾ വിരിച്ചിരുന്നതിൽ കിടക്കുവാനല്ലാതെ ഇരിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ഞങ്ങൾ ഇട്ടിരുന്ന ഉടുപ്പുകളുടെ മുകളിൽ ഒരു നാലഞ്ചു പുതപ്പുകൂടെ പുതച്ചാണു് കിടന്നതു്. വൈകുന്നതുവരെ ആക്സിജൻ ശ്വസിക്കേണ്ടതായിവന്നില്ല. വൈകുന്നേരം അഞ്ചു മണിയോടുകൂടി ന്യൂഫൌണ്ട്ലാൻഡിൽ എത്തി. അവിടെനിന്നാണു് അത്‌ലാന്തിക് മഹാസമുദ്രം ഒരു ചാട്ടത്തിനു കടക്കേണ്ടതു്.

രാത്രി പത്തുമണിയോടുകൂടി പിന്നേയും ബോംബറിൽ കയറി. അടുത്ത പത്തു മണിക്കൂർ അപായം കൂടാതെ കഴിക്കുകയാണെങ്കിൽ ജീവനുംകൊണ്ടു രക്ഷപ്പെടാം എന്നു എനിക്കു ഏകദേശം തീർച്ചയുണ്ടായിരുന്നു. വിമാനം ആകാശത്തിലേക്കുയർന്നുടനെ എല്ലാവരും ആക്സിജൻ കുഴൽവെച്ചു കെട്ടണമെന്നുള്ള ഉത്തരവുകിട്ടി. ആ യന്ത്രം മുഖത്തു വെച്ചുകെട്ടിയപ്പോഴാണു് ഒരു വൈഷമ്യം മനസ്സിലായതു്. യന്ത്രം മുഖത്തു സ്ഥാനഭേദംവരാതെ ഇരിക്കേണ്ടതുകൊണ്ടു ഉറക്കംകൂടും തന്നെ സാദ്ധ്യമല്ല; എന്നുമാത്രമല്ല ചരിഞ്ഞോ, തിരിഞ്ഞോ കിടക്കുന്നതിനു നിവൃത്തിയില്ലായിരുന്നുതാനും. കിടന്നകിടപ്പിനു ഒരു പോളക്കണ്ണുമടക്കാതെ ആ രാത്രി ഒരുവിധം കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോൾ ഇംഗ്ലണ്ടിൽ എത്തികഴിഞ്ഞിരുന്നു.

ഞാൻ കുറയാതെ പതിനഞ്ചു പ്രാവശ്യം ഇംഗ്ലണ്ടിൽ പോയിട്ടുണ്ടു്. എന്നാൽ 1943 ജനവരി 19-ാം തിയ്യതി ഇംഗ്ലണ്ടിലെത്തിയപ്പോഴെന്നപോലെ ഒരു സന്തോഷം അതിനു മുൻപു എനിക്കുണ്ടായിട്ടില്ല. മറെറാരു ജന്മം ജനിച്ചപോലെ ഒരു സന്തോഷമാണു എനിക്കു ആ സുപരിചിതമായ നാടു കണ്ടപ്പോൾ ഉണ്ടായതു്. പുൽത്തകിടികൾ നിറഞ്ഞ ഇംഗ്ലണ്ട് ക്യാനഡായിൽ മഞ്ഞുതന്നെ കണ്ടു മടുത്ത എന്റെ കണ്ണിനു എന്തു സന്തോഷമാണു നൽകിയതെന്നു പറവാൻ പ്രയാസം. അന്നു പകൽ ഞാൻ എയർപോർട്ടു ഹോട്ടലിൽ വിശ്രമിച്ചു. പിറേറദിവസം രാവിലെ ലണ്ടനിൽ സേവായി ഹോട്ടലിൽ എനിക്കു പതിവുള്ള മുറികളിൽ താമസവുമാക്കി.

ഞാൻ ചെന്നെത്തുന്നതിനു രണ്ടുദിവസം മുൻപു മഹാരാജാ ജാം സാഹേബ് തന്റെ അച്ഛന്റെ മരണം നിമിത്തം ധൃതിയിൽ ലണ്ടൻ വിട്ടുകഴിഞ്ഞിരുന്നു. അതുകൊണ്ടു എന്തു ജോലിക്കായിട്ടാണോ അദ്ദേഹം എന്നെ ലണ്ടനിലേക്കു വരുത്തിയതെന്നറിവാൻപോലും നിവൃത്തിയില്ലാതെതീർന്നു. ബിക്കാനേർ മഹാരാജാവിനു ആലസ്യം വർദ്ധിക്കയാലും, മററു രാജ്യകാര്യങ്ങളാൽ നിർബ്ബന്ധനാകയാലും ഉടനെ ഇന്ത്യയിലേക്കു മടങ്ങുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുക എന്നതായിരുന്നു ആദ്യത്തെ ജോലി. അതിലേക്കായി ഇന്ത്യാ ആപ്പീസിലെ ചില പ്രമാണികളെ കാണുന്നതിനു ഇറങ്ങിത്തിരിച്ചപ്പോഴാണു ഈ യുദ്ധത്തിന്റെ ആദ്യത്തെ അനുഭവം നേരിട്ടു എനിക്കു ലഭിച്ചതു്. ഞാൻ ഹോട്ടലിൽ നിന്നിറങ്ങി വണ്ടിയിൽ കയറി യാത്ര ആരംഭിച്ചപ്പോൾ ജർമ്മൻ വിമാനങ്ങൾ പട്ടണത്തിന്റെ മുകളിൽ എത്തിയിരിക്കുന്നു എന്നറിയിക്കുന്ന കുഴൽനാദം കേട്ടുതുടങ്ങി. ആദ്യമായി കേൾക്കുകആയിരുന്നതിനാൽ അതെന്താണെന്നു എനിക്കു മനസ്സിലായില്ല. വണ്ടി റോഡിൽ കൂടി ഓടിച്ചു പോരുമ്പോൾ, ജനങ്ങൾ അങ്ങോട്ടു മിങ്ങോട്ടും ഓടുന്നതു കണ്ടു് ചില സംശയങ്ങൾ മനസ്സിൽ ജനിക്കാതിരുന്നില്ല. ഇന്ത്യാ ആപ്പീസിൽ ചെന്നപ്പോൾ മാത്രമാണു ലണ്ടൻ ഒരു വിമാനാക്രമണത്തിൽ പെട്ടിരിക്കയായിരുന്നു എന്നു എനിക്കു മനസ്സിലായതു്. അന്നേദിവസം പിന്നേയും രണ്ടു പ്രാവശ്യം ജർമ്മൻ വിമാനങ്ങൾ ലണ്ടനിൽ വരികയുണ്ടായി.

## ഇന്ത്യയിലേക്കുള്ള യാത്ര

ഇന്ത്യാ ആപ്പീസിൽചെന്നു അവിടെ ഒരു പ്രധാനോദ്യോഗസ്ഥനും ചിരകാലമായി എനിക്കു പരിചിതനുമായിരുന്ന മി. പി. ജേപാട്രിക്കിനെക്കണ്ടു്. അദ്ദേഹം പറഞ്ഞതു ഇന്ത്യക്കു വിമാനയാത്ര ഉടനെ സാദ്ധ്യമല്ലെന്നും, ലാഗോസുവരെ കപ്പലിൽ പോകാമെങ്കിൽ അവിടെനിന്നു് എയറോപ്ലെയിൻ ഏർപ്പാടു ചെയ്വാൻ സാധിക്കുമെന്നും, അല്ലാത്തപക്ഷം കുറഞ്ഞതു് മൂന്നു മാസത്തെ താമസമുണ്ടാകുമെന്നുമായിരുന്നു. ഇതെന്നെ വല്ലാതെ നിരാശപ്പെടുത്തി. മൂന്നു മാസം താമസിക്കുന്നതു പല കാര്യംകൊണ്ടും സാദ്ധ്യമല്ലായിരുന്നു. കപ്പൽവഴി ലാഗോസ്‌വരെ യാത്രചെയ്യുന്നതു ജർമ്മൻ ടാർപിഡോകളുടെ നിരന്തരമായ ഉപദ്രവംനിമിത്തം വളരെ അപായകരമാണെന്നു എനിക്കറിയാമായിരുന്നു. കഴിഞ്ഞ യുദ്ധത്തിൽ, ജർമ്മൻ ടാർപിഡോ ഏററു കപ്പൽ മുങ്ങി കടലിൽ കിടന്ന എനിക്കു അങ്ങനെ ഒരനുഭവം കൂടി വേണമെന്നു തീരെ ആഗ്രഹമില്ലായിരുന്നു. അതേപ്പററി ഞങ്ങൾ തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സിക്രട്ടറി ആഫ് സ്റ്റേററ് മി. ആമറി എന്നെ കാണാൻ ആഗ്രഹിക്കുന്നു എന്നു ടെലിഫോൺ വന്നു്.

ഇന്ത്യാ സിക്രട്ടറി ആയി നിയുക്തനാകും മുൻപു മി. ആമറിയെ ഞാൻ അല്പമായി അറിയുമായിരുന്നു്. അദ്ദേഹം വളരെ സന്തോഷപൂർവ്വമെന്നെ സ്വീകരിച്ചുശേഷം, മഹാരാജാവിന്റെ ആലസ്യത്തെപ്പററിയും ഇൻഡ്യൻ രാജ്യകാര്യങ്ങളെപ്പററിയും മററുമായി ഒരു മണിക്കൂറോളം സംസാരിച്ചു. യാത്രപറഞ്ഞപ്പോൾ: "നിങ്ങൾക്കു ഉടൻതന്നെ നാട്ടിലേക്കു പോകത്തക്കവണ്ണം വിമാനയാത്ര ഏർപ്പാടുചെയ്‌വാൻ സാധിക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു. ലാഗോസുവരെ കപ്പലിൽ പോകുന്നതാണുത്തമം. ഒരു മൂന്നാഴ്ചകൊണ്ടു അങ്ങനെ ഏർപ്പാടു ചെയ്‌വാൻ സാധിക്കുമെന്നുതോന്നുന്നു. അല്ലാത്തപക്ഷം, മൂന്നു മാസമെങ്കിലും താമസമുണ്ടാകും." അങ്ങനെതന്നെ എന്നു ഞാനും സമ്മതിച്ചു.

യുദ്ധകാലത്തെ ലണ്ടൻ എത്ര വ്യത്യാസപ്പെട്ടതായിരുന്നു. 1941ലെ വിമാനാക്രമണങ്ങൾക്കുശേഷം ലണ്ടന്റെ ആകൃതിതന്നെ മാറിയിരുന്നു. പ്രസിദ്ധപ്പെട്ട പല കെട്ടിടങ്ങളിലും ബോമ്പുവീണതിന്റെ ലക്ഷ്യങ്ങൾ തെളിഞ്ഞുകണ്ടിരുന്നു. പട്ടണമദ്ധ്യത്തിൽ അങ്ങുമിങ്ങും വലിയ നാശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഞാൻ വിചാരിച്ചിരുന്നിടത്തോളം കേടുകൾ കാണുവാനുണ്ടായിരുന്നില്ല. സിററി എന്നുപറയുന്ന വ്യാപാരകേന്ദ്രത്തിൽ നേരെ മറിച്ചായിരുന്നു കാര്യം. രാത്രിയിൽ തെരുവുകളിൽ കണ്ണിൽകുത്തിയാൽ കാണാനില്ലാത്ത ഇരുട്ടായിരുന്നു. മുറികളിൽനിന്നു് ദീപരശ്മികൾ പുറത്തുവരാതിരിപ്പാൻ കർശനമായ ഏർപ്പാടുകൾ ഗവമ്മേണ്ടിൽനിന്നു് ചെയ്തിരുന്നു. രാത്രി ഒരെട്ടുമണി കഴിഞ്ഞാൽ ലണ്ടനിൽ സഞ്ചരിക്കുന്നതു് മഹാകാനനങ്ങളിൽ സഞ്ചരിക്കുന്നതിലും പ്രയാസമായിരുന്നു എന്നു തീർത്തു പറയാം. ഭക്ഷണത്തിന്റെ കാര്യത്തിലും വലിയ വൈഷമ്യമുണ്ടായിരുന്നു. പ്രത്യേകം ടിക്കററില്ലാതെ ഒരു സാമാനവും വിററുകൂടെന്നാണു് നിയമം. ഹോട്ടലുകളിലും മററും ഭക്ഷണം കർശനമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ടു്. "ഉല്ലംഘിതാജ്ഞന്മാരേക്കൊല്ലും സന്ദേഹമില്ല" എന്നത്രെ അധികാരികളുടെ നില. പുരുഷന്മാർ മാത്രമല്ല, സ്ത്രീകളേയും പട്ടാളം സർവ്വീസുകളിൽ നിർബ്ബന്ധമായി ചേർത്തിട്ടുണ്ടു്. യുദ്ധസംബന്ധമായ ജോലിയിൽ ഏർപ്പെടാത്ത ഒരു സ്ത്രീയോ പുരുഷനോ ഇംഗ്ലണ്ടിൽ ഇല്ലെന്നു പറയാം. പോകുന്നിടത്തെല്ലാം സൈനികമായ ഉടുപ്പിട്ട സ്ത്രീകളെ മാത്രമെ കാണുന്നുള്ളൂ.

## ലണ്ടൻ നിർഭയമായിരുന്നു

ഇങ്ങിനെ യുദ്ധരാക്ഷസിയുടെ ബാധ സർവ്വതോമുഖമായിരുന്നെങ്കിലും ലണ്ടനിൽ ജനങ്ങൾക്കു ഭയമൊ സങ്കടമൊ അപായ ശങ്കയൊ തീരെയില്ലായിരുന്നു എന്ന് വേണം പറയാൻ. യുദ്ധം ജയിക്കുമെന്നുള്ള ഒരു വിശ്വാസംമാത്രമല്ല അവർക്കുണ്ടായിരുന്നത്. വിജയത്തിന്നുവേണ്ടി എന്തുതന്നെയും ചെയ്യണം എന്നൊരു ദൃഢപ്രതിജ്ഞയാണ് അവരിൽ തെളിഞ്ഞു കാണാമായിരുന്നത്. യുദ്ധം ജയിച്ചു കഴിഞ്ഞാൽ ലോകം ഏതുവിധത്തിൽ ഉടച്ചുവാർക്കണമെന്നുള്ളതായിരുന്നു അവരുടെ പ്രധാനമായ ആലോചനാവിഷയം

മൂന്നാഴ്ച താമസമുള്ളതിന്നിടയിൽ എന്താണു ചെയ്യേണ്ടതെന്നു ഞാൻ ആലോചിച്ചുതുടങ്ങി. ഏതായാലും ലണ്ടനിൽ എത്തിയ സ്ഥിതിക്കു പലരാജ്യങ്ങളിലും നടക്കുന്ന സംഗതികളുടെ ആന്തരമായ രൂപം അന്വേഷിച്ചു മനസ്സിലാക്കേണ്ടതാണെന്ന് ഞാൻ തീർച്ചയാക്കി. എൻെറ ചിരന്തന സ്നേഹിതയായ ജെർമേൻമെർലാൻജ്, സ്വതന്ത്ര ഫ്രാൻസിൻെറ നായകനായ ജനറൽ ഡിഗോളിൻെറ സിക്രട്ടറിയായി ജോലിചെയ്കയാണെന്ന് ഞാൻ അറിഞ്ഞിരുന്നു. സ്വരാജ്യം വിട്ട് ലണ്ടനിൽ താമസിക്കുന്ന മററു യുറോപ്യൻ ഗവമ്മേണ്ടുകളിലും എനിക്കു സ്നേഹിതന്മാർ ഉണ്ടായിരുന്നു. ബെൽജിയൻ മന്ത്രിയായ ബേരൺ ജാസ്പർ, ചെക്കോസ്ലൊവാക്യായിലെ സ്വാധിവിഗ്രഹികനായ മസാറിക്ക് മുതലായവർ ലണ്ടനിൽതന്നെ താമസമായിരുന്നതിനാൽ അവരുമായി കണ്ടുകൂടുന്നതിന്നു വൈഷമ്യമുണ്ടായില്ല.

ലണ്ടനിൽ എത്തി മൂന്നു ദിവസം കഴിഞ്ഞു എൻെറ പരിചയക്കാരിൽ ഒരാളും ഇംഗ്ലണ്ടിലെ പ്രധാന ഗ്രന്ഥപ്രകാശകന്മാരിൽ ഒരാളുമായ സ്റ്റാൻലി അൺവിൻ എന്ന മഹാശയനെ കാൺമാൻ പോയിരുന്നു. "ഇപ്പോൾ പുതുതായി പുസ്തകമൊന്നുമെഴുതുന്നില്ലേ" എന്നു അദ്ദേഹം ചോദിച്ചതിന്നു മറുപടിയായി, പൂർവ്വ ദക്ഷിണേഷ്യായുടെ ഭാവിയെപ്പററി ഒന്നെഴുതണമെന്നാലോചിക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞു. "കടലാസിന്ന് വളരെ വൈഷമ്യമുണ്ട്, എങ്കിലും പ്രസിദ്ധപ്പെടുത്തുന്ന കാര്യം ഞാൻ ഏററു" എന്നു അദ്ദേഹം ഉടൻ പറഞ്ഞു.

## ഗ്രന്ഥനിർമ്മാണം

ഈ സംഭാഷണം കഴിഞ്ഞു ഹോട്ടലിൽ മടങ്ങിവന്നപ്പോഴാണ് ഞാൻ തലയിൽ വലിച്ചു കേററിയ ഭാരത്തിൽ എനിക്കു തന്നെ ഭയം തോന്നിയത്. കഷ്ടിച്ചു 18 ദിവസം കൂടി മാത്രമേ എനിക്കു ലണ്ടനിൽ താമസമുള്ളു. ആ സമയം കൊണ്ട് ഇത്ര വിപുലമായ ഒരു വിഷയത്തെപ്പററി എങ്ങനെ ഒരു ഗ്രന്ഥമെഴുതാനാണ്. എഴുതി പരിശോധിച്ചു ടൈപ്പു ചെയ്യുവാൻ കുറഞ്ഞതു മൂന്നു മാസമെങ്കിലും വേണ്ടിവരുന്ന ഒരു കാര്യം 18 ദിവസം കൊണ്ട് ചെയ്യാമെന്നു ഏററ എൻെറ അവിവേകത്തിൽ ഞാൻ തന്നെ അന്ധാളിച്ചു. പ്രസിഡൻറു മാണവേൽ കയിദസാൺെറ വാക്കാണ് എന്നെ ഈ അപകടത്തിൽ ചാടിച്ചതെന്നു ഞാൻ തീർച്ചപ്പെടുത്തി. ഏതായാലും ഏററ സ്ഥിതിക്കു അതിൽനിന്നു പിൻമലിക്കുന്നത് ശരിയല്ലെന്നു തീർച്ചയാക്കി അന്നു ഉച്ചക്കുതന്നെ (ജനവരി 23-ാംനു) കടലാസിൽ ശ്രീ ഗണേശായനമഃ അവിഘ്നമസ്തു എന്നു എഴുതിവെച്ചു.

മുമ്പൊരിക്കൽ, ഇതുപോലെ ഒരനുഭവം എനിക്കുണ്ടായിട്ടുണ്ട്. ഇൻഡ്യയിലെ ഡയാർക്കി എന്ന ഭരണതന്ത്രത്തെപ്പററി ഒരു പുസ്തകമെഴുതാമെന്നു ഞാൻ ഒരു കമ്പനിക്കാരുമായി ഏററിരുന്നു. കമ്പനിക്കാരുമായി കരാർ ഒപ്പിട്ട അന്നുതന്നെ, കാശ്മീരത്തിൽ ജോലിക്കു നിയമിച്ചു കമ്പിയും കിട്ടി. പതിനഞ്ചു ദിവസം കൊണ്ടു ആ പുസ്തകമെഴുതി മുഴുവനാക്കേണ്ടിവന്നു. പക്ഷേ അന്നെനിക്കു ചെറുപ്പമായിരുന്നുവൊന്നും സമയം കണക്കാക്കാതെ ജോലി ചെയ്യുന്നതിന്നു സാധിക്കുമായിരുന്നു എന്നുമത്രേ വ്യത്യാസം.

പുസ്തകം എഴുതി തുടങ്ങിയതോടുകൂടി, എവിടന്നെന്നില്ലാതെ മററു ജോലികളും വർദ്ധിച്ചുവന്നു. ഫെബ്രുവരി രണ്ടാം തിയ്യതി ഗംഗാസിംഹ മഹാരാജാവു നാടുനീങ്ങിയ ദുഃഖവാർത്ത വയർലസ്സ് മുഖാന്തരം അറിവാൻ ഇടയായി. അദ്ദേഹം നവീനഭാരതത്തിലെ വീരപുരുഷന്മാരിൽ ഒരാളായിരുന്നു എന്നുള്ളതിന്നു തർക്കമില്ല. രാജ്യതന്ത്രജ്ഞാനം ഇതുപോലെ ഉണ്ടായിരുന്ന ഒരു മഹാരാജാവ് ഈ നൂറു വർഷത്തിന്നുള്ളിൽ ഉണ്ടായിട്ടില്ലെന്നുള്ളതു തീർച്ചതന്നെ. പ്രജാസേവനത്തിന്നു ദീക്ഷയെടുത്ത ഒരു ജീവിതമായിരുന്നു അദ്ദേഹത്തിൻേറത്. കാര്യങ്ങളുടെ ആന്തരസ്വരൂപം മനസ്സിലാക്കുന്നതിന്നുള്ള പ്രജ്ഞാനിർവ്വഹണശക്തി, കർമ്മകുശലത, ദൃഢപ്രജ്ഞത, സത്യനിഷ്ഠ, അസാധാരണമായ വാഗ്പാടി, പൌരുഷം, ക്ഷാത്രിയോചിതമായ രൂപം ഇങ്ങിനെ ഒരു ഉത്തമരാജാവിന്നു വേണ്ട സൽഗുണങ്ങൾ അദ്ദേഹത്തിൽ തികഞ്ഞുകണ്ടിരുന്നു. ഞാൻ ബിക്കാനേറിൽ മന്ത്രിയായി നിയുക്തനാകും മുൻപുതന്നെ അദ്ദേഹം എന്നോടു പുത്രനിർവ്വിശേഷമായ വാത്സല്യം പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ നിർബ്ബന്ധം ഒന്നുകൊണ്ടുമാത്രമാണ് ഞാൻ ബിക്കാനേറിൽ ജോലി കയ്യേററതും. അദ്ദേഹത്തിൻെറ സ്നേഹപൂർവ്വമായ നിർബ്ബന്ധം കൊണ്ടു തന്നെയാണ് ഞാൻ അപായകരമായ യാത്രയ്ക്കു പുറപ്പെട്ടതും. മഹാരാജാവിൻെറ ചരമം എന്നെ എത്രമാത്രം ദുഃഖിപ്പിച്ചു എന്നു പറയേണ്ടതില്ലല്ലോ. അതേ സംബന്ധിച്ചു ഇൻഡ്യാ ആപ്പീസ്സിൽചെന്നു പല കാര്യങ്ങൾ നിർവ്വഹിക്കേണ്ടതായുണ്ടായിരുന്നതാനും. നാട്ടിലേക്കു പുറപ്പെടാനുള്ള ആഗ്രഹം ഈ സംഭവം കൊണ്ടു ഒന്നു കൂടെ മുറുകുകയാണു ചെയ്തത്. ഇൻഡ്യാ ആപ്പീസ്സുകാരും സംഗതിയുടെ ഗൌരവം മനസ്സിലാക്കി വേണ്ടതുപോലെ മുഷിഞ്ഞു പ്രവൃത്തിക്കുന്നുണ്ടായിരുന്നു.

പുസ്തകമെഴുതുന്ന ജോലികൂടാതെ മററു തിരക്കുകളും ലണ്ടനിൽ എന്നെ ബാധിക്കാതിരുന്നില്ല. ഇൻഡ്യൻ കാര്യങ്ങളെപ്പററി സംസാരിക്കുന്നതിന്നു പ്രമാണികളായ പലരും എന്നെ ക്ഷണിച്ചുകൊണ്ടിരുന്നു. മഹാരാജാവിൻെറ നിര്യാണം നിമിത്തം ഇവയിൽ പലതും ഒഴിച്ചുവെക്കുവാൻ സാധിച്ചുവെങ്കിലും, ചില മഹാന്മാരെ കണ്ടു സംസാരിക്കേണ്ടതു മാററിവെക്കുവാൻപാടില്ലാത്ത ഒരു ജോലിയായിരുന്നു. പ്രധാനമന്ത്രി ചർച്ചിലിൻെറ ആപ്തമിത്രവും ഉപദേഷ്ടാവുമായ ലാർഡു ചാർവെൽ, ടൈംസുപത്രാധിപരായ ബാറിംടൺ വാഡ്, ന്യൂസ്റ്റേററ്സുമാൻ പത്രാധിപരായ കിങ്സ്‌ലിമാർട്ടിൻ, ഇൻഡ്യയുടെ ഉപമന്ത്രിയായ ലാർഡ് മൺസ്റ്റർ, സർ ജാർജ്ജ്ഷുസ്റ്റർ മുതലായവർ എൻെറ അഭിപ്രായങ്ങൾ മനസ്സിലാക്കുന്നതിന് ഔത്സുക്യം കാണിച്ചു. ആക്സ്ഫോഡിലും പോയി ചില പണ്ഡിതന്മാരേ സന്ദർശിക്കേണ്ട കടമയും ഇതിന്നിടയിൽ തന്നെ നിർവ്വഹിച്ചു

കേരളീയരായ പലരും ലണ്ടനിൽ ജോലിയായി സ്ഥിരതാമസമുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ. അവരിൽ ചിലർ എൻെറ മിത്രസംഘത്തിൽ പെട്ടവരാണ്. അവരിലാരേയും ഈ പ്രാവശ്യം നേരിട്ടു കാണേണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഏതായാലും ഹൈക്കമ്മീഷണരുടെ ആപ്പീസ്സിൽ ഒരു ഉയന്ന ഉദ്യോഗം ഭരിക്കുന്ന എൻെറ സ്നേഹിതൻ കെ. ടി. എൻ. (കുട്ടൻ) മേനോൻ ഞാൻ ലണ്ടനിൽ എത്തിയിട്ടുള്ള വിവരം ഇൻഡ്യാ ആപ്പീസ്സു മുഖാന്തരം അറിഞ്ഞു. കുട്ടൻ ആൾ അതിസരസനാണ്. ഇരുപത്തിഅഞ്ചു വർഷമായി താമസം ഇംഗ്ലണ്ടിലാണെങ്കിലും, അവിടെ വീടും പറമ്പും എല്ലാം വാങ്ങി, ഒരു പൌരനായി കഴിയുകയാണെങ്കിലും, അയാൾക്കു മലയാളഭാഷയോടുള്ള സ്നേഹം വിട്ടിട്ടില്ലെന്നുള്ളത് പ്രത്യേകിച്ച് വക്തവ്യമാണ്. ഹൈക്കമ്മീഷണരുടെ ആപ്പീസ്സുതൊട്ടവായി ഹോട്ടലിന്നടുത്താകയാൽ അയാൾ ഇടയ്ക്കിടെ എന്നെ വന്നു കാണുക പതിവായിരുന്നു. ഫെബ്രുവരി 10-ാം തിയ്യതി ഞാൻ പുസ്തകമെഴുതി പൂർത്തിയാക്കിയപ്പോൾ അയാൾ പറഞ്ഞു: "ഈ സംഭവം നാം ഒരു നാടൻ ഭക്ഷണം കൊണ്ട് ആഘോഷിക്കേണ്ടതാണ്. ഓണത്തിന്നു വീട്ടിലുണ്ണുംപടി ഒരു സദ്യയ്ക്കു ഞാനും ക്ഷേണായി (അയാളും കൊച്ചിക്കാരനാണ്) യും കൂടി ഏർപ്പാടു ചെയ്തിട്ടുണ്ട്. വരണം."

## ഒരു മലയാളസദ്യ

ലണ്ടനിൽ ഈ യുദ്ധകാലത്തു നെയ്യും പരിപ്പും കൂട്ടി ഉണ്ണുവാൻ ഒരു സ്നേഹിതൻ ക്ഷണിച്ചാൽ വേണ്ടെന്നു പറയാൻ സാധിക്കുമോ? ഏതായാലും എനിയ്ക്കത്ര വിശ്വാസം വന്നില്ല. ഭക്ഷണനിയന്ത്രണം ഇത്ര കർശനമായി അനുഷ്ഠിച്ചിരുന്ന ലണ്ടനിൽ സർവ്വ വിഭവസമ്പന്നമായ സദ്യയെങ്ങനെ സാധിക്കും എന്നു ഞാൻ സംശയിച്ചു.

"എവിടെയാണ് നിങ്ങളുടെ സദ്യ? എന്നു ഞാൻ ചോദിച്ചു." അതൊക്കെ എന്തിനറിയുന്നു, വരു" എന്നു മാത്രമായിരുന്നു കുട്ടൻെറ മറുപടി.

ഒരേഴര മണിയോടുകൂടി ഞങ്ങൾ മൂന്നുപേരും കൂടി ലെസ്റ്റർ സ്ക്വയർ എന്ന പ്രധാന സ്ഥലത്തിനടുത്തൊരു തെരുവിൽ ചെറുതെങ്കിലും ഏററവും ശുചിയുള്ളതെന്നു തെളിഞ്ഞു കാണാമായിരുന്ന ഒരു ഭക്ഷണശാലയിൽ ചെന്നു കയറി, ഞങ്ങൾക്കായി പ്രത്യേകം തിരിച്ചിട്ടിരുന്ന ഒരു മേശക്കു ചുററുമിരുന്നു. അവിടെ വിളമ്പാൻ നിന്നിരുന്ന ഒരാളോടു കുട്ടൻ മലയാളത്തിൽ പറഞ്ഞു: "എടൊ, ഇതാരാണെന്ന് അറിയുമോ?" "ഓഹോ, എൻെറ കുട്ടിക്കാലം മുതലറിയും" എന്നായിരുന്നു അയാൾ മറുപടി പറഞ്ഞത്. "നിങ്ങളുടെ ഒരുത്തമ സ്നേഹിതൻെറ മകനാണ്" എന്നു കുട്ടൻ അയാളെ പററി എന്നോടും പറഞ്ഞു. ഊണിന്നു വേണ്ട സാമാനങ്ങളെല്ലാം മേശപ്പുറത്തുവന്നു. വറുത്തുപ്പേരി, പപ്പടം, ഉപ്പിലിട്ടതു, അവിയൽ, സാംബർ മുതലായി കേരളീയരുടെ ഭക്ഷണത്തിന്നു വേണ്ടതെല്ലാം അവിടെ വിളമ്പിയിരുന്നു. 'പറഞ്ഞില്ലേ ഞാൻ ഓണത്തിന്നു വേണ്ട വട്ടമെല്ലാം ഉണ്ടെന്ന്. പാടപ്രഥമൻമാത്രം സാധിച്ചില്ല. വാഴയില കിട്ടാതെപോയി!' ഇതായിരുന്നു അയാളുടെ സങ്കടം.

ഇതെല്ലാം ആരാണ് പാകം ചെയ്തത്? എന്നു ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു. "നല്ലവണ്ണം അറിയുന്ന ഒരാളാണ്. സദ്യയും അവരുടെ ആണ്" എന്നു കുട്ടൻ വലിയ രഹസ്യഭാവത്തിൽ പറഞ്ഞു. ഊണുകഴിഞ്ഞു ഞാൻ പിന്നേയും ചോദിച്ചു: "ഇങ്ങിനെ ഒരു സദ്യ ഇന്ത്യാരാജ്യത്തിന്നു പുറത്തു ഉണ്ടിട്ടില്ല. ആരാണ് ഇതിന്നുത്തരവാദി" ഇങ്ങനെ ഞാൻ നിർബ്ബന്ധിച്ചു.

വരു; താഴെ അടുക്കളയിൽ പോകാം. അപ്പോളെല്ലാം മനസ്സിലാകും."

ഞങ്ങൾ അടുക്കളയിലേക്കു ഇറങ്ങി. അവിടെ ഒരു സ്ത്രീരത്നം സാരിയുടെ മുകളിൽ അഴുക്കുപററാതിരിപ്പാൻ ഒരു വെള്ളത്തുണി

(ശേഷം 10-ാം പേജിൽ)

# ഇററലിയുടെ അധഃപതനം

(ഹിററ്ലറുടെ വായ്മൊഴി)

[കഴിഞ്ഞ മാർച്ച്മാസത്തിൽ പ്രസംഗിച്ചതിന്നുശേഷം ഹിററ്ലർ ജർമ്മൻ ജനതയോടു ആകാശവാണിയിൽ സംസാരിച്ചതു് ഈ മാസം (1943 സെപ്തംബർ) 10-ാം തിയ്യതിയായിരുന്നു. ഇററലിയിൽ മുസ്സോളിനിയെ ഭരണാധികാരത്തിൽനിന്നു് പിരിച്ചതിന്റെ ശേഷം മാർഷൽ ബഡോഗ്ലിയോവാണെല്ലോ ഭരണം കയ്യേററിരുന്നതു്. ഐക്യകക്ഷികളോടു സമാധാനസന്ധി ചെയ്യുമ്പോൾ ബഡോഗ്ലിയോ ജർമ്മനിയെ അറിയിച്ചില്ലെന്നും, ഐക്യകക്ഷികൾക്കു് ഒരുകാലത്തും താൻ കിഴടങ്ങുന്നതല്ലെന്നു് അന്നേദിവസം ബഡോഗ്ലിയോ ഇററലിയിലുള്ള ജർമ്മൻ പ്രതിനിധികളോടു പറഞ്ഞിരുന്നുവെന്നും ഹിററ്ലർ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു. ഐക്യകക്ഷികളുടെ വിമാനസൈന്യം ചെന്നു് ഇററലിൽ ഭയങ്കരസ്ഥിതിയുണ്ടാക്കിത്തീർക്കുന്നതിനെ തടുപ്പാൻ വേണ്ടതായ സർവ്വനിവൃത്തിമാർഗ്ഗങ്ങളും എടുത്തു വരുന്നുണ്ടെന്നും ഹിററ്ലർ പ്രസ്താവിച്ചു.]

എന്റെ ആത്മാവിനേയും ജർമ്മൻകാരേയും വഞ്ചിക്കാതെ അവരോടുള്ള കാര്യങ്ങൾ തുറന്നു പറയാമെന്നുള്ള ഒരു ഘട്ടമാണിതു്. ഇററലി അധഃപതിക്കുവാൻ പോകുന്നുവെന്നു് പ്രത്യക്ഷമാവാൻ തുടങ്ങീട്ടു വളരെ കാലമായിരിക്കുന്നു. ജർമ്മനി അവൎക്കു വേണ്ട സഹായങ്ങൾ, വാഗ്ദത്തത്തിന്നനുസരിച്ചു, ചെയ്യാത്തതുകൊണ്ടല്ലോ ഇങ്ങിനെയൊരു സംഭവം നേരിട്ടതു്. ഇററലിയിൽ യുദ്ധത്തിന്നു് വിരോധികളായ ഒരു കക്ഷിക്കാർ ഉണ്ടായിരുന്നു. അവർ യുദ്ധപരിശ്രമങ്ങളെ തകരാറാക്കുവാൻ നിരന്തരപരിശ്രമം തുടങ്ങീട്ടു കുറച്ചുകാലമായിരുന്നു. ഇപ്പോൾ ഈ വിരോധകക്ഷികൾ തന്നെയാണു് ഐക്യകക്ഷിസൈന്യങ്ങൾക്കു് കീഴടങ്ങുകയുംചെയ്തതു. ഇന്നു് കീഴടങ്ങിയ കക്ഷിതന്നെയാണു് 1939 അഗസ്റ്റ് മാസത്തിൽ ഇററലിയെ യുദ്ധത്തിൽ ചേരാൻ സമ്മതിക്കാതിരുന്നതു്. ഇററലിയിൽ ഇത്തരത്തിലുള്ള പ്രതിബന്ധങ്ങൾ മുസ്സോളിനിക്കു് നേരിടാനുണ്ടായിരുന്നതിനെ ഞാൻ അറിവാൻ ബാദ്ധ്യതപ്പെട്ടവനായിരുന്നതിനാൽ അറിവാനിടവന്നു. അതിനാൽ യുദ്ധത്തിൽ ചേരുന്നതു് ഇഷ്ടമുണ്ടെങ്കിൽ മതിയെന്നും, ഏററവും അനുകൂലമായ സന്ദർഭത്തിൽ ചേൎന്നാൽ മതിയെന്നും ഇററാലിയൻ ഗവർമ്മെണ്ടിനെ ഞാൻ അനുവദിപ്പാൻ തന്നെ കാരണം ഇതാണു്. 1940 ജൂൺ മാസമായപ്പോഴേക്കും ഇററലിക്കു് യുദ്ധത്തിൽ ചേരുവാനുള്ള സർവ്വ ഒരുക്കങ്ങളും മുസ്സോളിനി ചെയ്തു കഴിഞ്ഞു.

ഈ യുദ്ധത്തിന്റെ പരിണാമത്തെക്കുറിച്ചു എനിക്കാവട്ടെ മുസ്സോളിനിക്കാവട്ടെ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ജർമ്മനി തന്റെ മിത്രമായ ഇററലിക്കു് പലേ തവണയായി ചെയ്തിരുന്ന സഹായങ്ങളുടെ പൂർണ്ണവിവരം അടുത്തൊരവസരത്തിൽ പ്രസിദ്ധം ചെയ്യുന്നതാണു്. ജർമ്മനിയിൽനിന്നു് വേണ്ടത്ര സഹായം ഇററലിക്കുണ്ടായിരുന്നില്ലെങ്കിൽ 1940ലെ വർഷകാലമായപ്പോഴേക്കും ഇററലിയുടെ വടക്കൻ ആഫ്രിക്കയിലെ സാമ്രാജ്യം പോയേനെ. 1941 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജർമ്മനി ഇററലിയെ സഹായിച്ചതു് ബാൾക്കൻ പ്രദേശത്തിൽ വന്നുചേൎന്ന കുഴപ്പങ്ങളിൽനിന്നു് രക്ഷിക്കുവാനാണു്. അവിടെചെന്നു് ഇററലി ആക്രമണം ആരംഭിച്ചു് പുലിവാലു പിടിച്ച പോലെയായിയെന്നുമാത്രമല്ല, തന്മൂലം ജർമ്മനിക്കു തന്നെ കേടുപററുവാനിടയുണ്ടായിരുന്നു. ജർമ്മനി ഇററലിക്കു ഈ ഘട്ടത്തിൽ ചെയ്ത സഹായങ്ങൾ ജർമ്മനിയെ റഷ്യ ആക്രമിച്ചെങ്കിലൊയെന്നു് നിമിഷംപ്രതി ഭയപ്പെട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണു് ചെയ്തതു്, എന്നുള്ള സംഗതിയും മറക്കത്തക്കതല്ല. ഞാനും ജർമ്മൻ ഗവർമ്മെണ്ടും ഇററലിയുടെ നേരെ മൈത്രീഭാവത്തോടുകൂടിയുള്ള ഈ നയം അനുചരിച്ചതു് അന്നു് അവിടെ ഭരണാധികാരം നടത്തിയിരുന്നതു് ആധുനിക കാലങ്ങളിൽ ഉണ്ടായ നേതാക്കന്മാരിൽ വിശിഷ്ടനായ ഒരാളായിരുന്നതിനാലാണു്. അദ്ദേഹം പണ്ടുകാലത്തെ റോമാസാമ്രാജ്യം അധഃപതിച്ചതിന്നുശേഷം ഇററലിയിൽ ഉണ്ടായിട്ടുള്ള നേതാക്കന്മാരിൽ വെച്ചു് അദ്വിതീയനുമാണു്. അദ്ദേഹത്തിന്റെ വിശ്വാസയോഗ്യതകൊണ്ടു് പരിപൂർണ്ണമായ വിജയം വരുത്തിക്കൂട്ടുവാൻ ഒരു സന്ധിയും ഞങ്ങടെ രണ്ടു കോയ്മകളും തമ്മിൽ സ്ഥാപിക്കാൻ സാധിച്ചു. ഇററാലിയൻ ജനതക്കു വന്നിട്ടുള്ള അപമാനത്തിൽ അദ്ദേഹത്തിന്റെ അഭാവം തീർച്ചയായും അവർ നിമിഷംപ്രതി അനുഭവിക്കാതിരിക്കയില്ല.

ഇററലിയിൽ ഒടുവിൽ തകരാറുകൾക്കെല്ലാം സംഗതിവരുത്തിയതു് യുദ്ധം വിജയകരമായി കലാശിപ്പിക്കേണ്ടതിന്നു് തനിക്കു് അധികമായ അധികാരങ്ങൾ കിട്ടേണമെന്നു് മുസ്സോളിനി ആവശ്യപ്പെട്ടതുകൊണ്ടു്. യുദ്ധപരിശ്രമങ്ങളെ തകരാറാക്കുന്നവരുടെ നേരെ കഠിനമായ നടപടികൾ എടുക്കേണ്ടതിന്നു് വേണ്ടത്ര അധികാരങ്ങൾ തനിക്കു കിട്ടേണമെന്നു് മുസ്സോളിനി ആവശ്യപ്പെട്ടു. അവസാനംവരേക്കും മുസ്സോളിനി ഇററലിയുടെ ശത്രുക്കളിൽനിന്നു് രാജ്യത്തെ രക്ഷിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ചെയ്തുവായിരുന്നു. ജനതയുടെ ക്ഷേമംമാത്രം ചിന്തിച്ചുകൊണ്ടിരുന്ന ഒരു മഹാപുരുഷനോടു കാട്ടിയ അക്രമങ്ങൾ കണ്ടു് എനിക്കുതന്നെ വളരെ സങ്കടം തോന്നുകയുണ്ടായിട്ടുണ്ടു്. അങ്ങിനെയുള്ള ഒരാളെ ഇന്നു വെറും ഒരു ജയിൽപ്പുള്ളിയെപ്പോലെയല്ലെ ദുഷ്ക്കൂട്ടർ കരുതിയിരിക്കുന്നതു്? ഇത്ര യോഗ്യനായിട്ടുള്ള ഒരാളെ എന്റെ ഒരു സ്നേഹിതനാണെന്നു് പറയുന്നതിൽ എനിക്കു മുമ്പും ഇന്നും വളരെ അഭിമാനം തോന്നുന്നുണ്ടു. സൌകര്യംപോലെ അഭിപ്രായം മാറുന്ന സമ്പ്രദായം എനിക്കില്ല. രാജഭക്തിയില്ലാത്ത ഒരു ജനസമുദായത്തിന്നു് കഴിഞ്ഞുകൂടുവാൻ സാധിക്കയില്ലെന്നാണു് എന്റെ അഭിപ്രായം. ഈ ഭക്തിയുടെ അഭാവം ഇററലിയിൽ എത്രയുണ്ടായിട്ടും ജർമ്മൻ സൈന്യം സിസിലിയിൽ അവരാൽ കഴിയുന്നതെല്ലാം യത്നിച്ചുനോക്കി.

ഇററലിയിലെ ഭരണയന്ത്രം ചെയ്തതായ എന്തു വഞ്ചനത്വവും ന്യായീകരിപ്പാൻ ശ്രമിച്ചേക്കാം. പക്ഷെ, അവർ ചെയ്യാൻ പോകുന്ന കാര്യം മുൻകൂട്ടി ജർമ്മനിയെ അറിയിക്കാതിരുന്നതിന്നു് യാതൊരു ന്യായവും ഉണ്ടാകാൻ വഴിയില്ല. അവർ കീഴടങ്ങുന്ന ദിവസവും കൂടി ഇററലിയിലെ രാജാവു് ജർമ്മൻ കോയ്മയുടെ പ്രതിനിധിയോടു ഇററലി ഒരുകാലത്തും കീഴടങ്ങുന്നതല്ലെന്നു് വാഗ്ദത്തം ചെയ്തിരുന്നു. കീഴടങ്ങി ഒരു മണിക്കൂർ കഴിഞ്ഞിട്ടുംകൂടി കീഴടങ്ങിയെന്നുള്ള വർത്തമാനം ഐക്യകക്ഷികൾ പറഞ്ഞുണ്ടാക്കുന്ന ഒരു നുണയാണെന്നാണു് ഇററാലിയൻ സൈന്യനേതാക്കന്മാർ പറഞ്ഞതു്. കീഴടങ്ങിയദിവസം ബഡോഗ്ലിയോ പ്രസ്താവിച്ചതും ഇതുതന്നെയാണു്. അനവധി തലമുറകളായി ഇനി ഉണ്ടാവാൻ പോകുന്ന ഇററലിക്കാർ ഈ വിശ്വാസവഞ്ചന ഏററവും വലുതായ ഒരു മാനഹാനിയായി കരുതുന്നതാണു്. ജർമ്മൻകാർ കരാറനുസരിച്ചുമാത്രമല്ലാ ഇററലിയെ സഹായിച്ചിട്ടുള്ളു; അവർ തങ്ങളുടെ രക്തം ചൊരിഞ്ഞിട്ടുകൂടി ഇററലിയെ സഹായിച്ചിട്ടുണ്ടു്.

മുസ്സോളിനിയുടെ അധഃപതനത്തിന്നുശേഷം ഉണ്ടായ ഇററാലിയൻ ഭരണത്തിന്റെ ഉദ്ദേശങ്ങളെക്കുറിച്ചു ധാരാളം ശങ്കിക്കാനിടയുണ്ടായിരുന്നു. അതിനാൽ ജർമ്മൻകാരുടെ വകയായി ഇററലിയിൽ ഉണ്ടായിരുന്ന സർവ്വസ്വവും ബഡോഗ്ലിയോവിന്റെ ചതികൊണ്ടു നശിച്ചുപോകരുതെന്നു് കരുതി, ഞാൻ ജർമ്മനിക്കു് മടങ്ങിവിളിച്ചു. ഞങ്ങളുടെ ശത്രുക്കളുടെ ദുരുദ്ദേശങ്ങളെ ഭംഗംവരുത്തുവാനുള്ള എന്തും ചെയ്യാൻ ഞങ്ങൾക്കു സാദ്ധ്യമാണു് എന്നാൽ ഇററലിയിൽ ഇന്നും ദേശാഭിമാനികളായ പലരും ഉണ്ടു്. ഇന്നും അവർ ഇററലിക്കും ജർമ്മനിക്കും യുദ്ധത്തിൽ പൂർണ്ണവിജയം വരേണ്ടതിന്നു് എന്തും ചെയ്യാൻ സന്നദ്ധരുമാണു്. യുദ്ധം സംബന്ധമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചു ഇററലിയുടെ ജാള്യമായ പ്രവൃത്തികൊണ്ടു് യാതൊരു കോട്ടവും വന്നിട്ടില്ല കുറച്ചുകാലമായി ഇററലിയിലുള്ള യുദ്ധം മുഴുവൻ ചെയ്തുവരുന്നതു ജർമ്മൻസൈന്യം തന്നെയാണു്. ജർമ്മൻസൈന്യംമൂലം ഇററലിയിൽ ഉണ്ടാകാവുന്ന തടസ്ഥം തുച്ഛമാണെന്നു് ഐക്യകക്ഷിസൈന്യങ്ങൾ അഭിനയിക്കുന്നതു് വെറും ബാലിശബുദ്ധികൊണ്ടാകുന്നു. ഇററലിയിൽ കാൺമാൻ സാധിച്ചപോലെ രാജദ്രോഹികൾ ജർമ്മനിയിലും ഉണ്ടായേക്കാമെന്നുള്ള ഐക്യകക്ഷികളുടെ ആശക്കു് ഭംഗം വരാതിരിക്കയില്ല.

ഒരു ജൂലായി 25-ാം തിയ്യതി (അന്നാണു് മുസ്സോളിനി ഇററലിയിലെ രാജ്യഭാരം ഒഴിഞ്ഞതു്) ജർമ്മനിയിലും വരുത്തിക്കൂട്ടിക്കളയാമെന്നു് ഐക്യകക്ഷികൾ വിചാരിക്കുന്നതു ജർമ്മനിയിലെ ജനങ്ങളുടെ മനസ്ഥിതി വേണ്ടപോലെ അറിയാഞ്ഞിട്ടാകുന്നു. മുമ്പുണ്ടായിരുന്നതിൽ എത്രയൊ അധികം യോജിപ്പോടുകൂടിയാണു് ഇന്നു് ജർമ്മൻ സൈന്യനേതൃത്വ സമിതിയുടെ സ്ഥിതി. ഐക്യകക്ഷികളെ പരാജയപ്പെടുത്തേണമെന്നുള്ള അവരുടെ ആഗ്രഹവും എത്രയൊ ശക്തിയോടുകൂടിയാണു് ഇന്നുള്ളതു്. 1939ൽ ഞങ്ങളുടെ ശത്രുക്കൾ ഓരോരുത്തരായി ജർമ്മനിയുടെ നേരെ യുദ്ധവിളംബരം ചെയ്തപ്പോൾ ജർമ്മനിതന്നെയുണ്ടായിരുന്നുള്ളു. ധീരമായി ശത്രുവിനെ എതിൎക്കുന്നതാണു് ഭീരുത്വത്തോടുകൂടി ശത്രുവിന്നു കീഴടങ്ങുന്നതിനേക്കാൾ നല്ലതെന്നു് ക്ലാസ്‌വിററ്സ് പറഞ്ഞിട്ടുള്ള തത്വത്തെ പദംപ്രതിയനുസരിച്ചുകൊണ്ടാണു് ഞങ്ങൾ വരുന്നതു്. അതിന്നുശേഷം ശത്രുക്കളെ

(ശേഷം 10-ാം പേജിൽ)

ജർമ്മൻ അതൃത്തിയിൽനിന്നു് 600 നാഴികയിലധികം ഓടിച്ചുകഴിഞ്ഞിരിക്കുന്നു ഇവിട്ടുന്നങ്ങോട്ടു സ്ഥിരോത്സാഹമായി പ്രവൃത്തിക്കേണ്ടതു് സർവ്വ യോദ്ധാക്കളുടേയും കടമയാണ്.

ഇങ്ങിനെയുള്ള ധീരമനസ്ഥിതിയും അനുഭവവും ജർമ്മനിയിലിരിക്കെ ജർമ്മൻ കോയ്മയെ അടിമയാക്കിക്കളയാമെന്നുള്ള മോഹം നിഷ്ഫലമാകാതിരിക്കയില്ല. ജർമ്മൻ ജനത നശിക്കാതിരിക്കേണമെങ്കിൽ ജർമ്മനി ഭാവിയിൽ സുസ്ഥിരമായിരിക്കേണമെങ്കിൽ, ജർമ്മനിയിലുള്ള ഓരോരുത്തനും രാഷ്ട്രത്തിന്നുവേണ്ടി സർവ്വ ത്യാഗവും ചെയ്യാനൊരുങ്ങണം. ഇങ്ങിനേയുള്ള ഒരു രാഷ്ട്രത്തിന്റെ രക്ഷിതാവായിരിപ്പാൻ എനിക്കുതന്നെ എത്രയും അഭിമാനമുണ്ടു്. ലോകചരിത്രത്തിൽ ഏററവും വലുതായ ഈ യുദ്ധം വിജയത്തിൽ എത്തിക്കേണ്ടതിന്നു് എനിക്കു ലഭിക്കുന്നതായ ഓരോ നിമിഷത്തിന്നും ഞാൻ ജഗദീശ്വരനോടു നന്ദിപറയുന്നു. ആകാശത്തിൽനിന്നു നമ്മുടെ ശത്രു ഏറെക്കുറെ ഭീതി നമുക്കു ഇപ്പോൾ തരുന്നുണ്ടായിരിക്കാം. എന്നാൽ അധികം താമസിയാതെ ശത്രുവിന്റെ ഈ ശക്തി നശിപ്പിക്കുമെന്നു മാത്രമല്ല, അതിന്നുള്ള പ്രതികാരവും ചെയ്യുന്നതാണ്. യുദ്ധതന്ത്രത്തിന്റെ ആവശ്യത്തിന്നായി ചില സ്ഥലങ്ങളിൽനിന്നു് നാം കുറേ ദൂരഒഴിക്കുകയൊ പിൻമാറുകയൊ ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ അതുകൊണ്ടൊന്നും അതിശക്തിയായി ബന്ധിച്ച നമ്മുടെ കോട്ടക്കു യാതൊരു ഹാനിയും തട്ടുന്നതല്ല. ജർമ്മനിയിലെ ജനത തങ്ങളുടെ ധർമ്മം ശരിയായി പരിപാലിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ജർമ്മനിക്കു എത്രയും ആപൽക്കരമായ ഒരു ഘട്ടമാണിതു്. ഈ ഘട്ടത്തിൽ അന്തഃപുരവാസികളും സൈന്യങ്ങളും എത്രയും ഐക്യതയോടുകൂടിയിരിക്കണമെന്നാണ് എന്റെ ആഗ്രഹം.

> ഇംഗ്ലീഷു ജനത ഒരാളുടെ നേതൃത്വത്തിൽ, ഒരു മനസ്സോടേ, ത്രിവിധകരണങ്ങൾ കൊണ്ടും യത്നിക്കുന്ന കാഴ്ച ഒരിക്കലും മറക്കുവാൻ സാധിക്കാത്ത ഒരു പാഠം തന്നെയായിരുന്നു. ഇങ്ങിനെ ഒരുമയുള്ളവരും യോഗക്ഷേമതല്പരരും ആയ ജനങ്ങൾ ലോകത്തിൽ കാണാൻ പ്രയാസം. അതിൽ പത്തിലൊന്നു നമുക്കുണ്ടായിരുന്നുവെങ്കിൽ ഭാരതഭൂമിയുടെ പരാധീനത എന്നേ അവസാനിക്കുമായിരുന്നു. ഇംഗ്ലീഷുകാർ യുദ്ധത്തിൽ തോല്ക്കുകയില്ലെന്നു തീർത്തു പറയാം.

(8-ാം പേജിൽനിന്നു് തുടർച്ച)

കെട്ടിനിന്നു ചപ്പാത്തി ഉണ്ടാക്കുവാൻ കോതമ്പുമാവു് അരയ്ക്കുന്നുണ്ടായിരുന്നു. “ഇതു നമ്മുടെ ജാനകി അമ്മ അല്ലേ” എന്നു ഞാൻ വിസ്മയഭരിതനായി ചോദിച്ചു. “അതേ ജാനകിതന്നെ,” എന്നു തനിമലയാളത്തിൽ (അവർ മലയാള സ്ത്രീ അല്ല) മറുവടിയും കിട്ടി. എന്താണു നിങ്ങൾ ഈ ജോലിതുടങ്ങിയിരിക്കുന്നതു്? എന്നു ഞാൻ കുശലത്തിനെന്നപോലെ ചോദിച്ചു. “എന്തെങ്കിലും ഒരു ജോലി വേണ്ടേ. വെറുതേ ഇരുന്നെങ്ങിനെ സമയം കഴിക്കും.?”

ജാനകി അമ്മയുടെ ഭർത്താവു വലിയ ഉദ്യോഗം വഹിക്കുന്ന ഒരു കേരളീയനാണ്. ആ സ്ത്രീയാവട്ടെ ഇംഗ്ലണ്ടിൽ പഠിച്ചു പരീക്ഷകൾ ജയിച്ചവരുമാണ്. ലണ്ടന്നു സമീപം അവർക്കു സ്വന്തമായി വീടും സ്ഥലവുമെല്ലാമുണ്ടെന്നു എനിക്കറിയാമായിരുന്നു. ആ സ്ഥിതിക്കു അവർ ഇത്ര ബുദ്ധിമുട്ടി ഒരു ഹോട്ടലിട്ടു വെച്ചുവിളമ്പി താമസിക്കുന്നതെന്തിനാണെന്നു ഞാൻ കുട്ടനോടു ചോദിച്ചു. അയാൾ പറഞ്ഞതിപ്രകാരമാണ്: “വീട്ടിൽ വെറുതെ ഇരുന്നു മുഷിഞ്ഞു: ജാനകി അമ്മക്കു എന്തെങ്കിലും ചെയ്യാതിരുന്നാൽ സങ്കടമാണ്. ഇതിൽനിന്നു വളരെ ലാഭമുണ്ടുതാനും.” എന്തായാലും അവരുടെ സൽക്കാരം എന്നെ വളരെ സന്തോഷിപ്പിച്ചു.

രണ്ടു ദിവസത്തിനകം ലിവർപൂളിൽനിന്നു കപ്പലുണ്ടെന്നു ഇന്ത്യാ ആപ്പീസ്സുകാർ പിറേറ ദിവസം എന്നെ അറിയിച്ചു. പോകാൻ ഒരുങ്ങി മുറുകിയിരുന്ന എനിക്കു കപ്പലിൽ ആയാലും മതിയെന്നുതോന്നി. അതിൻപ്രകാരം എഴുതിതീർന്ന പുസ്തകം മി. അൺവിനെ 11-ാം തിയ്യതി പന്ത്രണ്ടു മണിക്കു ഏല്പിച്ചു യാത്രക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു. 12-ാം തിയ്യതി വൈകുന്നേരമായിരുന്നു തീർച്ചപ്പെടുത്തിയിരുന്ന സമയം. പുറപ്പെട്ടതിന്നു ഒരു മണിക്കൂർ മുമ്പു പുസ്തകം സംബന്ധിച്ച കരാർ ഒപ്പിട്ടു മി. അൺവിൻ എനിക്കയച്ചു തരികയും ചെയ്തു.

## ലണ്ടൻ പട്ടണവും യുദ്ധവും

ഇതോടുകൂടി മൂന്നാഴ്ചമാത്രമുള്ള എന്റെ ലണ്ടൻ വാസം ശുഭമായി പര്യവസാനിച്ചു എന്നു പറയാം. ആ താമസം എനിക്കു പല പ്രകാരത്തിൽ ഉപയോഗപ്രദമായിരുന്നു. ഒന്നാമതായി ഈ മഹായുദ്ധകാലത്തു, തങ്ങളുടെ ജീവിതവും, സ്വാതന്ത്ര്യവും സാമ്രാജ്യവും എല്ലാം തന്നെ അപകടത്തിൽ പെട്ടിരിക്കുമ്പോൾ, ചക്രവർത്തി മുതൽ കൂലിവേലക്കാരൻ വരെയുള്ള ഇംഗ്ലീഷ് ജനത ഒരു കൃസലാവട്ടെ ദയയാവട്ടെ ഇല്ലാതെ, ഒരാളുടെ നേതൃത്വത്തിൽ, ഒരു മനസ്സോടേ ത്രിവിധകരണങ്ങൾ കൊണ്ടും യത്നിക്കുന്ന കാഴ്ച ഒരിക്കലും മറക്കുവാൻ സാധിക്കാത്ത ഒരു പാഠം തന്നെ ആയിരുന്നു. ഇങ്ങിനെ ഒരുമയുള്ളവരും യോഗക്ഷേമതല്പരരും ആയ ജനങ്ങൾ ലോകത്തിൽ കാണാൻ പ്രയാസം. അതിൽ പത്തിലൊന്നു നമുക്കുണ്ടായിരുന്നുവെങ്കിൽ ഭാരതഭൂമിയുടെ പരാധീനത എന്നേ അവസാനിക്കുമായിരുന്നു. രണ്ടാമതായി ഇന്ത്യൻ രാജ്യകാര്യങ്ങളിൽ വരാനിരിക്കുന്ന മാററങ്ങളുടെ ഏകദേശ സ്വരൂപം, പലമഹാന്മാരുമായുള്ള സംഭാഷണത്തിൽനിന്നു മനസ്സിലാക്കുവാൻ സാധിച്ചതു നല്ലൊരു നേട്ടമായി ഞാൻ ഗണിക്കുന്നു. പുതിയ പുസ്തകത്തിന്റെ കഥയോ പോകട്ടെ, യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന മററു രാജ്യങ്ങളിലെ പ്രമാണികളുമായുള്ള സംസർഗ്ഗത്തിൽനിന്നു ലോകഗതിയെപ്പററി കൂടുതൽ അറിവാൻ സാധിച്ചതു ചില്ലറ ഒരു ലാഭമല്ലല്ലോ.

## യുദ്ധാനന്തരം ഇംഗ്ലണ്ടു്

ഇംഗ്ലണ്ടിലെ ഈ ചുരുങ്ങിയ താമസത്തിൽ കിടന്നു യുദ്ധത്തെപ്പററി എന്തൊരഭിപ്രായമാണുണ്ടായതെന്നു ഒരു ചോദ്യം വായനക്കാരുടെ മനസ്സിൽ ജനിച്ചു എന്നു വരാം. ഇംഗ്ലീഷുകാർ യുദ്ധത്തിൽ തോല്ക്കുകയില്ലെന്നു തീർത്തു പറയാം. അവിടെ ചെയ്തുവരുന്ന യുദ്ധസന്നാഹങ്ങൾ ആ വിധത്തിലാണ്. വിജയത്തിന്നു ഇനിയും രണ്ടു മൂന്നുവർഷം വേണ്ടിവന്നേക്കാം. പക്ഷേ അന്ത്യഫലത്തെപ്പററി യാതൊരു ശങ്കക്കും വകയില്ലതന്നെ. യുദ്ധത്തിന്നുശേഷം ഇംഗ്ലണ്ടിൽ മുൻപിലത്തെപോലെ സമ്പത്തോ, ജനങ്ങൾക്കു തങ്ങളുടെ ഭരണത്തിൽ തൃപ്തിയോ ഉണ്ടായിരിക്കയില്ലെന്നു ദീർഘദർശനം ചെയ്യാം. ദിവസം 12 കോടി പവൻ ചിലവു ചെയ്താൽ എത്ര സമ്പന്നരായാലും ധനനാശം സംഭവിക്കുമെന്നുള്ളതിന്നു തർക്കമില്ലല്ലോ. രൂപയിൽ 18 ണ. ആദായ നികുതി കൊടുക്കേണ്ടിവന്നാൽ വൈശ്രവണനും നിർദ്ധനത പ്രാപിക്കതന്നെ ചെയ്യും. അന്യദേശങ്ങളിൽ ഉള്ള മുതലുകൾ വിററു ചിലവാക്കി കഴിഞ്ഞിരിക്കുന്നു. വാണിജ്യത്തിൽനിന്നു യുദ്ധാനന്തരം രാജ്യസമ്പത്തു വർദ്ധിപ്പിക്കാമെന്നുവെച്ചാൽ, മററു രാജ്യക്കാർ പാപ്പരായിരിക്കേ, സാമാനങ്ങൾ വാങ്ങുവാൻ ആരാണുണ്ടാവുക? ഇതെല്ലാം കവിഞ്ഞു ഇംഗ്ലണ്ടിനെ ബാധിക്കുന്ന വലുതായൊരു പ്രശ്നം ആ ദേശത്തിലെ സമുദായബന്ധങ്ങളെ സംബന്ധിക്കുന്നതാണ്. സ്ഥാനവ്യത്യാസമില്ലാതെ സ്ത്രീജനങ്ങൾ സകല വിധത്തിലുള്ള ജോലികളിലും ഏർപ്പെട്ടു ഇപ്പോൾ പണം സമ്പാദിച്ചുവരുന്നു. യുദ്ധാനന്തരം അവർ കുടുംബിനികളായി കുട്ടികളെ പെററു വളർത്തി ഗൃഹം ഭരിച്ചു താമസിച്ചു വരികെന്നുള്ളതു അസംഭാവ്യമാണ്. സ്വന്തമായി പണം സമ്പാദിച്ചു ശീലിച്ചവർ മററുള്ളവരുടെ കയ്യിൽ നിന്നു വാങ്ങി ജീവിതം നയിക്കുന്നതു എളുപ്പമല്ല.

ഏതായാലും ഇവയെല്ലാം യുദ്ധത്തിന്നുശേഷമുള്ള പ്രശ്നങ്ങളാണല്ലോ. ഇവയുടെ ഗൌരവത്തെപ്പററി ഇവിടെ സൂചിപ്പിച്ചു എന്നേ ഉള്ളു. യുദ്ധം ജയിക്കുന്നതത്രേ ആദ്യത്തെ പരിശ്രമം. അതിന്നു ഒരു മഹാജനത ഏതു വിധത്തിലാണ് യത്നിക്കുന്നതെന്നു കാണേണമെങ്കിൽ ഇംഗ്ലണ്ടിൽതന്നെ ചെല്ലേണ്ടിയിരിക്കുന്നു.

(മംഗളോദയം)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.